# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ബദിയഡുക്ക ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി6/803/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 08/11/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബദിയഡുക്ക ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി6/803/2023 തീയ്യതി: 08/11/2023

## കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 51 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രേഖ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 09-10-2023 | 17-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-10-2023 | 17-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ് കുമാർ.വി, ഓഡിറ്റ് ഓഫീസർ
ജെന്ന കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുഞ്ഞികൃഷ്ണൻ.കെ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജനാർദ്ദനൻ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
അരുൺ ദേവ്.വി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബി.ശാന്ത | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ലസിത.കെ.എ | സെക്രട്ടറി | 01-04-2022 | 22-04-2022 |
| സി.രാജേന്ദ്രൻ | സെക്രട്ടറി | 23-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു ജോർജ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ഇ.ചന്ദ്രബാബു | വെറ്റിനറി സർജൻ | 01-04-2022 | 10-01-2023 |
| ഡോ.ശ്രീല.എൽ | വെറ്റിനറി സർജൻ (അഡിഷണൽ ചാർജ്ജ്) | 11-01-2023 | 19-02-2023 |
| ഡോ.അനുഗ്രഹ്.ബി | വെറ്റിനറി സർജൻ | 20-02-2023 | 31-03-2023 |
| ഡോ.സത്യശങ്കര ഭട്ട് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 10-10-2022 |
| ഡോ.ഹരിശങ്കർ.എസ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 11-10-2022 | 31-03-2023 |
| ഡോ.ചാർളി മാത്യൂ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 28-02-2023 |
| ഡോ.ഷബീന.കെ.ടി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-03-2023 | 31-03-2023 |
| ഡോ.എൽദോ പോൾ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-12-2022 |
| ഡോ.അഞ്ജു രാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-01-2023 | 12-01-2023 |
| ഡോ.ഭാഗ്യശ്രീ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 13-01-2023 | 31-01-2023 |
| ഡോ.ഉഷ.പി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-02-2023 | 13-02-2023 |
| ഡോ.ഭാഗ്യശ്രീ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 14-02-2023 | 31-03-2023 |

| | | | |
|---|---|---|---|
| അനിൽ കുമാർ.എ.ജി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| സുചിത കുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 07-01-2023 |
| ഷംനി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 08-01-2023 | 31-03-2023 |
| പുരുഷോത്തമൻ.എ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| സുകുമാരൻ.കെ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| മുരളീധരൻ പുന്നക്കുഴി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 29-10-2022 |
| രാമചന്ദ്രൻ | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്) | 30-10-2022 | 21-11-2022 |
| ഗോപാലൻ.സി | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്) | 22-11-2022 | 27-11-2022 |
| പുഷ്പരാജൻ.എൻഎസ് | അസിസ്റ്റന്റ് സെക്രട്ടറി | 28-11-2022 | 31-03-2023 |
| സുബ്രഹ്മണ്യ ഭട്ട്.കെ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ജെറീന പി | അസിസ്റ്റന്റ് എഞ്ചിനീയർ(എംപ്ലോയ്മെന്റ് മുഖേന) | 01-04-2022 | 30-07-2022 |
| സന്ദീപ് എസ് എസ് | അസിസ്റ്റന്റ് എഞ്ചിനീയർ(എംപ്ലോയ്മെന്റ് മുഖേന) | 31-07-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | മൂന്നുമാസത്തിലധികമായിട്ടും വരവുവരാത്ത തുക റീക്കൺസിലിയേഷൻ പത്രികയിൽ നിലനിൽക്കുന്നു. | 1-1-4 |
| 6 | മൂന്നുമാസത്തിലധികമായി ബാങ്കിൽ നിന്നും പിൻവലിക്കാത്ത തുക " ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക്" ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | എ.സി.ആർ - ചെലവ് പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ഗുണഭോക്തൃ വിഹിതമിനത്തിലെ മുന്നിരിപ്പ് തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-8 |
| 10 | പദ്ധതി പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിലെ ചെലവ് തുക ബന്ധപ്പെട്ട ഹെഡ്ഡിൽ നിന്നും കുറവ് വരുത്തിയിട്ടില്ല | 1-1-9 |
| 11 | അഡ്വാൻസ് ഇനത്തി**ൽ** നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-10 |
| 12 | കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-11 |
| 13 | ബിൽഡിംഗ് വാടക – അഡ്വാൻസ് കളക്ഷൻ ഇനത്തിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-12 |
| 14 | ഗുണഭോക്തൃ വിഹിതമിനത്തിലെ വരവ് ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-13 |
| 15 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും തിരികെ ലഭിച്ച തുകയുടെ വിശദാംശം ലഭ്യമല്ല. | 1-1-14 |
| 16 | ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ നിലനിൽക്കുന്ന തുകയ്ക്ക് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 1-1-15 |
| 17 | ഫെസ്റ്റിവൽ അഡ്വാൻസ് തുക തിരികെ ലഭിച്ചിട്ടും ക്രമീകരിച്ചിട്ടില്ല | 1-1-16 |
| 18 | മത്സ്യ മാർക്കറ്റ് വരവ് - ജി.എസ്.ടി ഉൾപ്പെടെയുള്ള തുക വരവായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-17 |
| 19 | ആഴ്ച ചന്തയിനത്തിലെ മുഴുവൻവരവ് തുകയും ബന്ധപ്പെട്ട ഹെഡ്ഡിൽ | 1-1-18 |

| | | |
|---|---|---|
| | രേഖപ്പെടുത്തിയിട്ടില്ല. | |
| 20 | ബി-9 ഷെഡ്യൂളിൽ വർഷങ്ങളായി നിലനിൽക്കുന്ന ബാധ്യത തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-19 |
| 21 | സെക്യേർഡ് ലോൺ - നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല. | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഗ്രാന്റ് വിനിയോഗം | 1-4 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 27 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 28 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 30 | തനത് വരുമാനം- അവലോകനം | 1-10 |
| 31 | മൂന്നുമാസത്തിലധികമായ തുക നാളിതുവരേയും അക്കൗണ്ടിൽ വരവുവച്ചിട്ടില്ല | 1-11 |
| 32 | 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി തുക നാളിതുവരേയും അക്കൗണ്ടിൽ വരവുവച്ചിട്ടില്ല. | 1-12 |
| 33 | കാനറ ബാങ്ക് - വാതിൽപടി സേവനം - ബാങ്ക് ചാർജ് തിരികെ ഈടാക്കേണ്ടതാണ്. | 1-13 |
| 34 | വാസയോഗ്യമല്ലാത്തതും പൊളിഞ്ഞുപോയതുമായ കെട്ടിടങ്ങൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടില്ല. | 1-14 |
| 35 | വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് - ഉത്തരവ് പ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-15 |
| 36 | തൊഴിൽ നികുതി ക്രമപ്രകാരം ഈടാക്കിയിട്ടില്ല | 1-16 |
| 37 | ഗുണഭോക്താക്കളുടെ മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു | 1-17 |
| 38 | റോഡ് ടാറിംഗ് പ്രവൃത്തി- രേഖകൾ പ്രകാരം ചെയ്ത പ്രവൃത്തി സൈറ്റിൽ യഥാർത്ഥത്തിൽ ചെയ്തതായി കാണുന്നില്ല | 1-18 |
| 39 | റോഡ് റീടാറിംഗ് പ്രവൃത്തി- ചെയിനേജ് നിബന്ധന മറി കടന്നു കൊണ്ടുള്ള പ്രവൃത്തി നിർവഹണം-മറ്റു അപാകതകൾ- ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 40 | മരാമത്ത് പ്രവൃത്തികൾ- കരാറുകാർ ഇൻഷുറൻസ് എടുക്കുന്നുവെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഉറപ്പു വരുത്തിയിട്ടില്ല. | 1-20 |
| 41 | മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും സർവീസ് ചാർജ് ഇനത്തിൽ തുക ഈടാക്കി- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-21 |
| 42 | കേരള ഭൂജല വകുപ്പിൽ ൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗ | 1-22 |

| | | |
|---|---|---|
| | സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | |
| 43 | Rtrack ആപ്ലിക്കേഷനിൽ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കൽ- പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 44 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ബത്ത – അധിക തുക നൽകി | 1-24 |
| 45 | വിവിധ കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-25 |
| 46 | സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ പദ്ധതിക്ക് വൈദ്യുതി ബോർഡിൽ നിക്ഷേപം നടത്തിയത്-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-26 |
| 47 | എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-27 |
| 48 | തുടർ സാക്ഷരത- സാക്ഷരത മിഷനിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-28 |
| 49 | അക്ഷരജ്യോതി- സ്കൂളുകൾക്ക് പത്രം വാങ്ങൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-29 |
| 50 | സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകൽ പദ്ധതി അപാകത. | 1-30 |
| 51 | സ്കൂളുകൾക്ക് ലാപ്പ്ടോപ്പ്, സ്കാനർ വാങ്ങൽ പദ്ധതി അപാകത. | 1-31 |
| 52 | സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ പദ്ധതിയിലെ അപാകതകൾ. | 1-32 |
| 53 | ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-33 |
| 54 | ബെണ്ണെഡ്ക്ക എസ്.ടി. കോളനി സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-34 |
| 55 | മെനസിനെപാറ എസ്.സി. കോളനി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം , കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 06.07.2023 ലെ 2/1 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 10/07/2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
08.11.2023

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

A) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ്

നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടുത്തിയ തുകയും (11083565/-) ഇതേ പത്രികയിൽ "Net Cash Generated By Operating+ Investing+Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (-19668619/-) തുല്യമല്ല ആയതിനാൽ ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26,07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-1-4 മൂന്നുമാസത്തിലധികമായിട്ടും വരവുവരാത്ത തുക റീക്കൺസിലിയേഷൻ പത്രികയിൽ നിലനിൽക്കുന്നു.

A) 2022-23 സാമ്പത്തിക വർഷത്തെ എസ്.ബി.ഐ അക്കൗണ്ടിന്റെ (അക്കൗണ്ട് നം.37296214126) റീക്കൺസിലിയേഷൻ പത്രിക പ്രകാരം മൂന്ന് മാസത്തിലധികമായിട്ടും അക്കൗണ്ടിൽ വരവുവരാതെ 2621/-രൂപ നിലനിൽക്കുന്നു. (വിശദാംശം ഖണ്ഡിക 1-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

B) 2022-23 സാമ്പത്തിക വർഷത്തെ കാനറബാങ്ക് അക്കൗണ്ടിന്റെ (അക്കൗണ്ട് നം.4489101003856) റീക്കൺസിലിയേഷൻ പത്രിക പ്രകാരം മൂന്ന് മാസത്തിലധികമായിട്ടും അക്കൗണ്ടിൽ വരവുവരാതെ 10,750/- രൂപ നിലനിൽക്കുന്നു. (വിശദാംശം ഖണ്ഡിക 1-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

### 1-1-5 മൂന്നുമാസത്തിലധികമായി ബാങ്കിൽ നിന്നും പിൻവലിക്കാത്ത തുക " ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക്" ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ കാനറബാങ്ക് അക്കൗണ്ടിന്റെ (അക്കൗണ്ട് നം.4489101003856) റീക്കൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ പറയുന്ന (മൂന്ന് മാസത്തിലധികമായിട്ടുള്ള) തുകകൾ ബാങ്ക് ബുക്കിൽ ചെലവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ നിന്നും നാളിതുവരെ പിൻവലിച്ചിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ, തീയതി | ചെക്ക് നമ്പർ, തീയതി | തുക | വിശദാംശം (ഓഡിറ്റ് എൻക്വയറി നമ്പർ 3/9.10.2023 ന് ലഭ്യമാക്കിയ മറുപടി) |
|---|---|---|---|---|
| 1 | 22100970, 14-03-2022 | 365658, 10-03-2022 | 1,890 | ശ്രീ വിനായക ആട്ടോ വർക്ക്സ് എന്ന സ്ഥാപനത്തിന് ഓഫീസ് വാഹനം റിപ്പയർ ചെയ്ത വകയിൽ |

| | | | | |
|---|---|---|---|---|
| | | | | അനുവദിച്ച തുകയാണ്. |
| 2 | 31900298, 01-03-2020 | ലഭ്യമല്ല | 8,750 | എന്താവശ്യത്തിനു നൽകിയതെന്നോ ഏത് ചെക്ക് പ്രകാരം നൽകിയതെന്നോ വ്യക്തമല്ല. |
| ആകെ തുക | | | 10640/- | |

2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിയ്ക്കുളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത് ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. കാലാവധി കഴിഞ്ഞ ചെക്ക് പഞ്ചായത്തിൽ സമർപ്പിക്കപ്പെടുകയാണെങ്കിൽ ചട്ടം 44 ൽ പറഞ്ഞിരിക്കുന്നതുപോലെ റദ്ദ് ചെയ്യേണ്ടതാണ്.

മേൽ ചട്ടം പ്രകാരമുള്ള യാതൊരു നടപടിയും നാളിതുവരേയും സ്വീകരിച്ചിട്ടില്ല.

### 1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നം./തീയതി |
|---|---|---|
| 110100101 | വസ്തു നികുതി - പാർപ്പിടം | 42201248, 31-03-2023 |
| 110100102 | വസ്തു നികുതി - നോൺ റസിഡൻഷ്യൽ | 42201249, 31-03-2023 |
| 110200101 | തൊഴിൽ നികുതി - സ്ഥാപനം | 42201259, 31-03-2023 |
| 110200105 | തൊഴിൽ നികുതി - ട്രേഡേഴ്സ് | 42201260, 31-03-2023 |
| 130100101 | ബിൽഡിംഗ് വാടക | 42201262, 31-03-2023 |

### 1-1-7 എ.സി.ആർ - ചെലവ് പത്രിക പൊരുത്തപ്പെടുന്നില്ല

എ.സി.ആർ പ്രകാരവും ചെലവ് പത്രിക പ്രകാരവുമുള്ള തുകയിൽ ചുവടെ പറയുന്ന വ്യത്യാസമുണ്ട്.

| ഇനം | എ.സി.ആർ പ്രകാരം ചെലവ് | ചെലവ് പത്രിക പ്രകാരം ചെലവ് | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 22544370 | 19809472 (25403102 - 5593630 (സ്രോതസിൽ നിന്നും കുറവു ചെയ്തത്) | 2734898 |
| വികസന ഫണ്ട് - എസ്.സി.പി | 6153252 | 5234702 (7399450 - 2164748 (സ്രോതസിൽ നിന്നും കുറവു ചെയ്തത്) | 918550 |

| | | | |
|---|---|---|---|
| വികസന ഫണ്ട് - ടി.എസ്.പി | 5941097 | 5304818 (5917562 - 612744 (സ്രോതസിൽ നിന്നും കുറവു ചെയ്തത്) | 636279 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 9946467 | 9493516 | 452951 |
| മെയിന്റനൻസ് ഫണ്ട് - റോഡിതരം | 5176705 | 5128705 | 48000 |

1-1-8 ഗുണഭോക്തൃ വിഹിതമിനത്തിലെ മുന്നിരിപ്പ് തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷം ഗുണഭോക്തൃ വിഹിതമിനത്തിൽ ചുവടെ പറയും പ്രകാരം നീക്കിയിരിപ്പുണ്ട്.

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരിപ്പ് | 110432 | ഗുണഭോക്തൃ വിഹിതം തിരികെ നൽകിയത് വാട്ടർ ടാങ്ക് - രസീത് നമ്പർ 121040106108 Dt. 11/01/2022 | 775 |
| 44- തേനീച്ചയും തേനീച്ച കൂട്ടം (കൃഷി ഓഫീസർ) | 185600 | 44- തേനീച്ചയും തേനീച്ച കൂട്ടം (കൃഷി ഓഫീസർ) | 185600 |
| ഫലവൃക്ഷ തൈകൾ | 3750 | | |
| വി.ഇ.ഒ - ബദിയഡുക്ക | 49375 | | |
| വാട്ടർ ടാങ്ക് | 117040 | | |
| | | നീക്കിയിരിപ്പ് | 279822 |
| ആകെ | 466197 | ആകെ | 466197 |

മുന്നിരിപ്പായ 110432/- രൂപയിൽ നിന്നും 775/- രൂപ ഗുണഭോക്തൃ വിഹിതം തിരികെ നൽകി ബാക്കി നിലനിൽക്കുന്ന 109657/- രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

1-1-9 പദ്ധതി പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിലെ ചെലവ് തുക ബന്ധപ്പെട്ട ഹെഡ്ഡിൽ നിന്നും കുറവു വരുത്തിയിട്ടില്ല

" 48/23 - ഫലവൃക്ഷ തൈകൾ വിതരണം " എന്ന പദ്ധതിക്കായി 28/03/2023 തീയതി കൃഷി ഓഫീസറുടെ റിക്വസിഷന്റെ അടിസ്ഥാനത്തിൽ 3750/- രൂപ ഗുണഭോക്തൃവിഹിതം അനുവദിച്ചിരുന്നു. എന്നാൽ ഐ.എൽ.ജി.എം.എസിൽ തുക അനുവദിക്കുമ്പോൾ ഹെഡ്ഡ് കോഡ് 320800101 ന് പകരം 250104101 മാണ് തെരഞ്ഞെടുത്തത്. ആയതിനാൽ മേൽ തുക പഞ്ചായത്തിൽ ലഭിച്ച ഗുണഭോക്തൃ വിഹിതത്തിൽ നിന്നും കുറവ് വരുത്തിയിട്ടില്ല.

മേൽ അപാകത തുടർവർഷത്തെ ധനകാര്യപത്രികയിൽ പരിഹരിക്കേണ്ടതാണ്.

1-1-10 അഡ്വാൻസ് ഇനത്തിൽ നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ധനകാര്യപത്രിക ബി-18 ഷെഡ്യൂളിൽ പ്രകാരം ചുവടെ പറയുന്ന ഇനങ്ങളിലെ തുക വർഷങ്ങളായി നിലനിൽക്കുന്നു.

| ഇനം | നിലനിൽക്കുന്ന | റിമാർക്ക്സ് |
|---|---|---|

| | | |
|---|---|---|
| | തുക | |
| 460100199 - മറ്റ് അഡ്വാൻസുകൾ | 216583/- | 2021-22 മുതൽ 216583/- രൂപ നിലനിൽക്കുന്നു. |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 32 പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർമാർ, സപ്ലെയർമാർ, കരാറുകാർ, അക്രഡിറ്റഡ് ഏജൻസികൾ, ഉദ്യോഗസ്ഥർ, വ്യക്തികൾ തുടങ്ങിയവർക്കുള്ള മുൻകൂറുകൾ ഉടനെയുള്ള യഥാർത്ഥ ചെലവുകൾക്ക് അനുസൃതമായി പരിമിതപ്പെടുത്തേണ്ടതാണ്. ആ തുക ചെലവായി കഴിയുമ്പോൾ തുക ചെലവായതിനുള്ള രേഖകൾ സമർപ്പിച്ച് അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. നിർദ്ദിഷ്ട കാലാവധിയ്ക്കകം മുൻകൂർ തുക യഥാവിധി വിനിയോഗിക്കാതെ വരികയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

മേൽ തുകകൾ ഏതെല്ലാം ആവശ്യത്തിനു നൽകിയിട്ടുള്ളതാണെന്നും തുക നാളിതുവരെ ക്രമീകരിക്കാത്തതിനുമുള്ള വിശദീകരണവും , രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/11.10.2023 ന് പ്രസ്തുത തുക എന്താവശ്യത്തിന് നൽകിയതാണെന്ന് കൂടുതൽ പരിശോധന ആവശ്യമുണ്ടെന്നും ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാമെന്നുമാണ് മറുപടി ലഭിച്ചിട്ടുള്ളത്.

തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-11 കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ ചുവടെ പറയും പ്രകാരം കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുക ധനകാര്യപത്രിക ബി-18 ഷെഡ്യൂളിൽ "460500202 - ഡെപ്പോസിറ്റ് - കെ.എസ്.ഇ.ബി " എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

| പ്രോജക്ട് നമ്പർ, പേര് | തുക |
|---|---|
| 54- സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 2062999 |
| 392- ബണ്ഡുഡ്ക്ക എസ്.ടി കോളനി സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ | 135818 |
| 303- മെനസിനപാറെ എസ്.സി കോളനി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 74458 |
| ആകെ | 2273275 |

1-1-12 ബിൽഡിംഗ് വാടക – അഡ്വാൻസ് കളക്ഷൻ ഇനത്തിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

ബിൽഡിംഗ് വാടക അഡ്വാൻസ് കളക്ഷൻ ഇനത്തിൽ ചുവടെ പറയും പ്രകാരം തുക നിലനിൽക്കുന്നു.

| 2021-22 | 2022-23 |
|---|---|
| 101683 | 101743<br>(101683 + 60) |

മേൽ പ്രകാരം ബിൽഡിംഗ് വാടക അഡ്വാൻസ് കളക്ഷൻ ഇനത്തിൽ തുക നിലനിൽക്കുന്നതിനുള്ള വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/12.10.2023 ന് 2022-23 വർഷത്തിൽ വാടക ഇനത്തിൽ ശ്രീ.മോഹന എന്നയാൾ അടവാക്കിയ തുകയിൽ 60/- രൂപ അധികമായാണ് ഈടാക്കിയതെന്നും ഈ തുക നടപ്പ് സാമ്പത്തിക വർഷത്തെ ടിയാളുടെ വാടകയിൽ നിന്നും കുറവാക്കി തുക ഒഴിവാക്കുന്നതാണെന്നും 101683/- രൂപ സംബന്ധിച്ച് വിശദമായ പരിശോധന

നടത്തി കൃത്യമാക്കുന്നതാണെന്നമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

### 1-1-13 ഗുണഭോക്തൃ വിഹിതമിനത്തിലെ വരവ് ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

"വീടുകൾക്ക് റിംഗ് കമ്പോസ്റ്റ് ബിൻ" പദ്ധതിക്കായുള്ള ഗുണഭോക്തൃ വിഹിതമിനത്തിലെ ചുവടെ പറയുന്ന തുകകൾ " 140400199- മറ്റ് ഫീസ് " എന്ന ഹെഡ്ഡിലാണ് വരവു വച്ചിട്ടുള്ളത്.

| ക്രമ നമ്പർ | രസീത് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 1220106040 | 19/01/2023 | 500 |
| 2 | 1220108484 | 18/03/2023 | 1000 |
| ആകെ തുക | | | 1500 |

തെറ്റായ ശീർഷകത്തിൽ വരവ് വച്ചിട്ടുള്ള ഗുണഭോക്തൃവിഹിതം കൃത്യമായ ശീർഷകത്തിൽ രേഖപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-1-14 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും തിരികെ ലഭിച്ച തുകയുടെ വിശദാംശം ലഭ്യമല്ല.

2022-23 സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും തുക തിരികെ ലഭിച്ചിട്ടുള്ളതായി ധനകാര്യപത്രികയിൽ (ആർ.പി-11 , 190300404 ൽ) രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | ഇനം | തുക |
|---|---|---|---|---|
| 1 | 1220000346, | 21-10-2022 | UNUTILISED AMOUNT OF VARIOUS PROJECTS REFUNDED ON 20/06/2022- GROUND WATER DEPARTMENT (Payee: DISTRICT OFFICER GROUND WATER DEPARTMENT, Type : Directly Credit To Bank , No : RBI17222045510270 , Dt.20-06-2022)) | 5,18,645 |
| 2 | 1220000347 | 21-10-2022 | | 4,14,692 |
| ആകെ തുക | | | | 9,33,337 |

മേൽ പ്രകാരം തിരികെ ലഭിച്ചിട്ടുള്ള തുക ഏതിനത്തിൽ ലഭിച്ചിട്ടുള്ളതാണെന്നും , ഏത് ഫണ്ടിനമാണെന്നും ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല. (എൻക്വയറി നമ്പർ 16/12.10.2023)

### 1-1-15 ലൈബിലിറ്റി ഇൻ സ്റ്റേയിൽ ചെക്ക് ഇനത്തിൽ നിലനിൽക്കുന്ന തുകയ്ക്ക് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

ലൈബിലിറ്റി ഇൻ സ്റ്റേയിൽ ചെക്ക് ഇനത്തിൽ ചുവടെ പറയും പ്രകാരം തുക വർഷങ്ങളായി നിലനിൽക്കുന്നു.

| 2022-23 | 2021-22 |
|---|---|
| 145157 (52775 + 92382) | 52775 |

2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിയ്ക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. കാലാവധി കഴിഞ്ഞ ചെക്ക്

പഞ്ചായത്തിൽ സമർപ്പിക്കപ്പെടുകയാണെങ്കിൽ ചട്ടം 44 ൽ പറഞ്ഞിരിക്കുന്നതുപോലെ റദ്ദ് ചെയ്യേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

അക്കൗണ്ട് നമ്പർ തെറ്റിയതിനാൽ പേമെന്റ് നടത്തിയ തുക ബാങ്കിലേക്ക് തിരികെ വന്നപ്പോൾ ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ രസീത് ചെയ്യുകയും രണ്ടാം തവണ പേമെന്റ് നടത്തുമ്പോൾ " Payment To Other Creditors" എന്ന ശീർഷകം തെരഞ്ഞെടുക്കുകയും ചെയ്തതുകൊണ്ടാണ് ഈ തുക നിലനിൽക്കുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. (എൻക്വയറി നമ്പർ 17/12.10.2023).

എന്നാൽ മേൽ തുകളുടെ വിശദാംശം (ചെക്ക് നമ്പർ, തീയതി, തുക, ആർക്കുനൽകി) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-1-16 ഫെസ്റ്റിവൽ അഡ്വാൻസ് തുക തിരികെ ലഭിച്ചിട്ടും ക്രമീകരിച്ചിട്ടില്ല

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 2021-22 സാമ്പത്തിക വർഷം 3000/- രൂപ തിരികെ ലഭിക്കുവാനുണ്ടായിരുന്നു. എന്നാൽ ഈ തുക ചുവടെ പറയും പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ തന്നെ ഒടുക്കിയിട്ടും നാളിതുവരേയും ബന്ധപ്പെട്ട ഹെഡ്ഡിൽതന്നെ ക്രമീകരിക്കാതെ നിലനിൽക്കുന്നു.

| പേര് | രസീത് നമ്പർ | തീയതി | തുക |
|---|---|---|---|
| റാഷിദ (സീനിയർ ക്ലർക്ക്) | 121040104896 | 27/11/2021 | 3000/- |

### 1-1-17 മത്സ്യ മാർക്കറ്റ് വരവ് - ജി.എസ്.ടി ഉൾപ്പെടെയുള്ള തുക വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

2022-23 സാമ്പത്തിക വർഷം മീൻമാർക്കറ്റ് ലേലം കൊണ്ട ഇനത്തിലെ വരവ് തുകയിൽ നിന്നും ജി.എസ്.ടി ഇനത്തിലെ വരവ് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ലേലം കൊണ്ട വ്യക്തി | അംഗീകരിച്ച തീരുമാനം | ലേല തുക | ജി.എസ്.ടി (18%) | ആകെ തുക | രസീത് നമ്പർ, തീയതി | തുക |
|---|---|---|---|---|---|---|
| അബ്ദുൾ റസാഖ് | 16/04/2022 ലെ 5(3)നമ്പർ തീരുമാനം | 24500 | 4410 | 28910 | 1220100143, 11.04.2022 | 5000 |
| | | | | | 1220101144,4.06.2022 | 10000 |
| | | | | | 1220102131, 10.08.2022 | 5000 |
| | | | | | 1220102703, 13.09.2022 | 5000 |
| | | | | | 1220104606, 2.11.2022 | 3910 |
| ആകെ തുക | | | | | | 28910/- |

ജി.എസ്.ടി തുക ഉൾപ്പെടെയുള്ള 28910/- രൂപ ആർ.പി 45ഷെഡ്യൂളിൽ “431400105- മാർക്കറ്റ് ഇനത്തിലെ വരവ്" എന്ന ഹെഡ്ഡിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മത്സ്യ മാർക്കറ്റ് ലേലത്തുകയുടെ ജി.എസ്.ടി തെറ്റായ ശീർഷകത്തിൽ അടച്ചിട്ടുള്ളത് പരിഹരിച്ച് ശരിയായ ശീർഷകത്തിൽ വരവ് വച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-1-18 ആഴ്ച ചന്തയിനത്തിലെ മുഴവൻവരവ് തുകയും ബന്ധപ്പെട്ട ഹെഡ്ഡിൽ രേഖപ്പെടുത്തിയിട്ടില്ല.

2022-23 സാമ്പത്തിക വർഷം ആഴ്ച ചന്ത ലേലം കൊണ്ട ഇനത്തിലെ വരവ് തുക പൂർണ്ണമായി വരവായി ബന്ധപ്പെട്ട ഹെഡ്ഡിൽ രേഖപ്പെടുത്തിയിട്ടില്ല

| ലേലം കൊണ്ട വ്യക്തി | അംഗീകരിച്ച തീരുമാനം | ലേല തുക | രസീത് നമ്പർ, തീയതി | തുക | തുക രേഖപ്പെടുത്തിയിട്ടുള്ള ഹെഡ്ഡ് |
|---|---|---|---|---|---|
| അബ്ദുൾ ബഷീർ | 27/05/2022 ലെ 5(1) നമ്പർ തീരുമാനം | 227500 | 1220100949,26.05.2022 | 10000 | മറ്റ് യൂസർ ചാർജ്ജ് (140500111) |
| | | | 1220101117,3.06.2022 | 78000 | ലേല ഡെപ്പോസിറ്റ് (340200102) |
| | | | 1220102464, 29.08.2022 | 75000 | മാർക്കറ്റ് വരവ് (431400105) |
| | | | 1220106217, 30.01.2023 | 50000 | ലേല ഡെപ്പോസിറ്റ് (340200102) |
| | | | 1220108401, 16.03.2023 | 14500 | മറ്റ് യൂസർ ചാർജ്ജ് (140500111) |
| ആകെ തുക | | | | 227500 | |

ആഴ്ച ചന്തയിനത്തിലെ വരവ് ഇനത്തിലെ 227500/- രൂപയിൽ 75000/- രൂപ മാത്രമാണ് മാർക്കറ്റ് വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. തെറ്റായ ശീർഷകത്തിൽ അടച്ചിട്ടുള്ളവ പരിഹരിച്ച് ശരിയായ ശരിയായ ശീർഷകത്തിൽ വരവ് വച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-19 ബി-9 ഷെഡ്യൂളിൽ വർഷങ്ങളായി നിലനിൽക്കുന്ന ബാധ്യത തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ധനകാര്യപത്രിക ബി-9 ഷെഡ്യൂളിൽ ചുവടെ പറയുന്ന തുകകൾ വർഷങ്ങളായി നിലനിൽക്കുന്നു.

| ക്രമ നമ്പർ | കോഡ് , ഇനം | തുക | റിമാർക്സ് |
|---|---|---|---|
| 1 | 350300199- സർക്കാരിലേക്കും മറ്റുമുള്ള ബാധ്യതകൾ | 1,010 | 2015-16 മുതൽ 935/- രൂപയും 2020-21 മുതൽ 1010/- രൂപയും (935 + 75) നിലനിൽക്കുന്നു. |
| 2 | 350400103 – റീഫണ്ട് – തൊഴിൽ നികുതി - ജീവനക്കാർ | 1,500 | 2020-21 മുതൽ 1500/- രൂപ നിലനിൽക്കുന്നു. |
| 3 | 350400701 – റീഫണ്ട് – ഡെപ്പോസിറ്റ് വർക്ക് | 10,753 | 2015-16 മുതൽ 10753/- രൂപ നിലനിൽക്കുന്നു. |
| 4 | 350400999 - റീഫണ്ട് – ചെലവഴിക്കാത്ത ഗ്രാന്റ് | 1,56,957 | 2021-22 ൽ 142231/- രൂപയും 2022-23 ൽ 156957/- രൂപയും (142231 + 14726) നിലനിൽക്കുന്നു. |

പ്രസ്തുത തുകകൾ സംബന്ധിച്ച് കൂടുതൽ പരിശോധന ആവശ്യമുണ്ടെന്നും ആയത് പരിശോധിച്ച് കൃത്യമാക്കുന്നതാണെന്നുമാണ് ഓഡിറ്റ് എൻക്വയറി നമ്പർ 38/16.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ക്രമ നമ്പർ 1,3 4 എന്നിവയിലെ തുകകൾ തിരികെ ഒടുക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതും ക്രമ നമ്പർ 2 ൽ നിലനിൽക്കുന്ന തുകയുടെ വിശദാംശവും തുടർനടപടി വിവരവും ലഭ്യമാക്കേണ്ടതുമാണ്.

1-1-20 സെക്വേർഡ് ലോൺ - നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല.

സെക്വേർഡ് ലോൺ ഇനത്തിലെ നീക്കിയിരിപ്പ് ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല

| ബി-5 ഷെഡ്യൂൾ പ്രകാരം | ബി-16 ഷെഡ്യൂൾ പ്രകാരം | വ്യത്യാസം |
|---|---|---|

| | | |
|---|---|---|
| നീക്കിയിരിപ്പ് | നീക്കിയിരിപ്പ് | |
| 3,90,60,031 | 3,90,40,031 | 20,000 |

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തീയതി | 01/ 26.03.2022 | 01/ 16.03.2023 |
| മുന്നിരിപ്പ് | 10122858.75 | 35818691 |
| വരവ് | 213600074 | 260485637 |
| ആകെ | 223722932.75 | 296304328 |
| ചെലവ് | 219265800 | 253187952 |
| നീക്കിയിരിപ്പ് | 4457132.75 | 43116376 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2022-23 |
| മുന്നിരിപ്പ് | 1,78,90,231/- |
| വരവ് | 9,47,66,457/- |
| ആകെ | 11,26,56,688/- |
| ചെലവ് | 8,36,82,892/- |
| നീക്കിയിരിപ്പ് | 2,89,73,796/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 88,36,627/- |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 184806169/- രൂപയും ചെലവ് 173354498/- രൂപയുമാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 28138000 | 28138000 | 25403102 | 2734898 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8318000 | 8318000 | 7399450 | 918550 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 6791000 | 6791000 | 5917562 | 873438 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 16692000 | 16692000 | 9493516 | 7198484 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 9765000 | 9765000 | 5128705 | 4636295 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ബാങ്ക് | 20,22,928 | 4574321 (പലിശ 311321) | 6597249 | 5683520 | 913729 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ട്രഷറി | 0 | 2813831 | 2813831 | 932067 | 1881764 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) ബാങ്ക് | 61,74,000 | 6395000 | 12569000 | 5185567 | 7383433 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) ട്രഷറി | 0 | 5363911 | 5363911 | 666978 | 4696933 |
| ദുരിതാശ്വാസ നിധി | 11566 | 322 | 11888 | 0 | 11888 |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 461788 | 6984267 | 7446055 | 6984267 | 461788 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 4113068 | 361000 | 4474068 | 361000 | 4113068 |
| തൊഴിലുറപ്പ് പദ്ധതി | 0 | 458893 | 458893 | 17787 | 441106 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 39,43,509 | 3264000 | 7207509 | 1264640 | 5942869 |
| ഹെൽത്ത് ഗ്രാന്റ് - ഇൻഫ്രാസ്ട്രക്ചർ പി.എച്ച്.സി | 0 | 551290 (545053 + പലിശ 6237) | 551290 | 110350 | 440940 |
| ഹെൽത്ത് ഗ്രാന്റ് - ഹെൽത്ത് & വെൽനസ് | 0 | 315486 | 315486 | 0 | 315486 |
| ശുചിത്വ മിഷൻ | 0 | 450000 | 450000 | 0 | 450000 |

കുറിപ്പ് : വികസന ഫണ്ട് ജനറൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 5593630 രൂപ, വികസന ഫണ്ട് എസ്.സി.എസ്.പി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 2164748 രൂപ, വികസന ഫണ്ട് ടി.എസ്.പി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 612743 രൂപ എന്നീ തുകകൾ മേൽ പട്ടികയിൽ വരവ് ചെലവ് എന്നിവയിൽ ഉൾപ്പെട്ടിട്ടുണ്ട്.

* വികസന ഫണ്ട് ടി.എസ്.പി യിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയേണ്ടത് ചുവടെ പറയും പ്രകാരം 612743/- രൂപയാണ്

| ഉത്തരവ് നമ്പർ | ലൈഫ് പദ്ധതിക്കായി കുറവു ചെയ്യേണ്ട തുക |
|---|---|
| GO(Rt) No 6872/2022/Fin, 12.10.2022 | 306372 |
| GO(Rt) No 1049/2023/Fin, 13.02.2023 | 306371 |
| ആകെ | 612743/- |

മേൽ ഉത്തരവുകൾ പ്രകാരം 612743/- രൂപ കുറവു ചെയ്യുന്നതിന പകരം 612744/- രൂപ കുറവ് ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. (ചെലവു പത്രിക പ്രകാരം)

| പദ്ധതി നമ്പർ , പേര് | ചെലവ് തുക |
|---|---|
| 421- ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി) | 306372 |
| 444 - ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി) | 306372 |
| ആകെ | 612744/- |

B) വിവിധ ഫണ്ട് ചെലവ് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 25403102 | 28138000<br>(22544370 + 5593630 (സ്രോതസിൽ നിന്നും കുറവു ചെയ്തത്) |
| വികസന ഫണ്ട് ( എസ്.സി.പി) | 7399450 | 8318000<br>(6153252 + 2164748 (സ്രോതസിൽ നിന്നും കുറവു ചെയ്തത്) |
| വികസന ഫണ്ട് ( ടി.എസ്.പി) | 5917562 | 6553841<br>(5941097 + 612744 (സ്രോതസിൽ നിന്നും കുറവു ചെയ്തത്) |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 9493516 | 9946467 |
| മെയിന്റനൻസ് ഫണ്ട് - റോഡിതരം | 5128705 | 5176705 |

C) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചുവടെ പറയുന്ന ഇനങ്ങളുടെ നീക്കിയിരിപ്പ് നെഗറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു.

| ഇനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 22544370 | 25403102 | -2858732 |
| വികസന ഫണ്ട് - എസ്.സി.പി | 6153252 | 7399450 | -1246198 |

## 1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 291 | 177091594 | 162 | 85041248 | - | 129 | 55.67 |

ബി) നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ | 2022-23 വർഷം | ചെലവ് |
|---|---|---|---|---|

| നം | | പ്രകാരം 2022-23വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 38 | 22753712 | 18 | 13665706 | 60.06 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 16 | 3665032 | 5 | 363702 | 9.92 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 170 | 49009007 | 79 | 20604690 | 42.04 |
| 4 | കൃഷി ഓഫീസർ | 10 | 7059439 | 10 | 4653818 | 65.92 |
| 5 | വെറ്റിനറി സർജ്ജൻ | 6 | 4347910 | 5 | 3016797 | 69.38 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16 | 68486543 | 16 | 26713507 | 39.01 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 10626151 | 11 | 8615667 | 81.08 |
| 8 | പ്രധാനധ്യാപകൻ | 8 | 3996861 | 7 | 3575745 | 89.46 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 4 | 945000 | 3 | 923232 | 97.70 |
| 10 | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 5 | 2685377 | 3 | 1067482 | 39.75 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 50000 | 1 | 50000 | 100 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 700000 | 1 | 640822 | 91.55 |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 2766562 | 3 | 1150080 | 41.57 |
| | ആകെ | 291 | 177091594 | 162 | 85041248 | 48.02 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 458893 | 458893 | 17787 | 441106 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 41825638 | 41825638 | 41825638 | 0 |
| ആകെ | 0 | 42284531 | 42284531 | 41843425 | 441106 |

ആകെ ഭരണച്ചെലവ് 17787/- രൂപ. (ജി.ഐ.എസ് സർവ്വേ ചെലവ് 17587/- രൂപ + ബാങ്ക് ചാർജ്ജ് 200/- രൂപ)

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 1248 എണ്ണം പദ്ധതികളുൾപ്പെടുന്ന 213576930/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 42284000/- രൂപയുടെ 362 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 129564 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 719കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷൻ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1317800 | 154 |
| വിധവാപെൻഷൻ | 16138800 | 1639 |
| വാർദ്ധക്യകാലപെൻഷൻ | 24796600 | 2710 |
| വികലാംഗപെൻഷൻ | 4323600 | 464 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 475200 | 47 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9/10/2023 തീയതിയിൽ 3.00 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 30757/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) വിവിധ കമ്മറ്റികളുടെ പ്രവർത്തനം.

എ) പഞ്ചായത്ത് കമ്മിറ്റി-

പഞ്ചായത്ത് കമ്മിറ്റി 2022-23 ൽ 32 യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളുടെ മിനുട്ട്സുകൾ സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. 31.03.2023 ൽ ചേർന്ന യോഗത്തിന്റെ മിനുട്ട്സ് ഓഡിറ്റ് തിയതി വരെ പൂർത്തിയാക്കിയിട്ടില്ല എന്ന് കാണുന്നു. കൂടാതെ യോഗങ്ങളുടെ മിനുട്ട്സുകൾ പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി അയക്കുന്നതിൽ ചിലപ്പോഴൊക്കെ വലിയ കാലതാമസം വരുത്തിയിട്ടുള്ളതായി കാണുകയുണ്ടായി. ഉദാഹരണത്തിന് 15.10.2022 ന് ചേർന്ന യോഗത്തിന്റെ മിനുട്ട്സ് പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി സെക്രട്ടറി അയച്ചിട്ടുള്ളത് 17.06.2023 ന് മാത്രമാണ്. പ്രസിഡണ്ട് അന്നു തന്നെ മിനുട്ട്സ് അംഗീകരിച്ചിട്ടുണ്ട്. 28.09.2022 ന്റെ മിനുട്ട്സ് അംഗീകാരത്തിനായി അയച്ചതും പ്രസിഡണ്ട് അംഗീകരിച്ചതും 01.11.2022 ന് മാത്രമാണ്. ഇത്തരത്തിൽ മിനുട്ട്സുകൾ തയ്യാറാക്കുന്നതിലും അംഗീകരിക്കുന്നതിലുമുള്ള കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. യോഗങ്ങളുടെ പിറ്റേ ദിവസം തന്നെ മിനുട്ട്സുകൾ പൂർത്തിയാക്കി അധ്യക്ഷന്റെ അംഗീകാരം നേടേണ്ടതാണ്.

പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകൾ ചട്ടപ്രകാരം നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. മീറ്റിംഗുകളിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ നടക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. എന്നാൽ യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച അവലോകനങ്ങൾ തുടർ യോഗങ്ങളിൽ നടത്തിയതായി മിനുട്ടസുകളിൽ കാണുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകനങ്ങൾ ഒരോ തുടർയോഗങ്ങളിലും നടത്തേണ്ടതാണ്.

ബി) ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി-

ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി 2022-23 ൽ 18 തവണ യോഗം ചേർന്നിട്ടുണ്ട്. യോഗങ്ങളിൽ വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടുണ്ട്. ചില യോഗങ്ങളിൽ വാടക, നികുതികൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്ത് പഞ്ചായത്ത് കമ്മിറ്റിക്ക് ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ തനതു വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ നികുതി നിർദ്ദേശങ്ങളോ നികുതി മേഖലകളോ യോഗങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല.

സി) വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2022-23 ൽ 14 തവണയാണ് യോഗം ചേർന്നത്. യോഗങ്ങളുടെ മിനുട്ട്സ് കൃത്യമായി എഴുതിയിട്ടില്ല. പുതിയ പ്രോജക്ട് നിർദേശങ്ങളും പ്രോജക്ട് ഭേദഗതി ചർച്ചകളും യോഗങ്ങളിൽ നടന്നിട്ടുണ്ട്, എന്നാൽ മിനുട്ട്സിൽ പ്രോജക്ടുകളുടെ വിവരങ്ങളും ഭേദഗതി നിർദേശങ്ങളും അവ്യക്തവും അപൂർണമായുമാണ് എഴുതിയിട്ടുള്ളത്. മിനുട്ട്സ് എഴുത്ത് പൂർണവും കുറ്റമറ്റതുമാണെന്ന് ഉറപ്പു വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ഡി) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2022-23 ൽ 15 തവണയാണ് യോഗം ചേർന്നത്. യോഗങ്ങളുടെ മിനുട്ട്സ് കൃത്യമായി എഴുതിയിട്ടില്ല. പെൻഷൻ അപേക്ഷകൾ അംഗീകരിച്ചതിന്റെ വിവരങ്ങൾ മാത്രമാണ് മിനുട്ട്സിൽ എഴുതിയിട്ടുള്ളത്. പെൻഷൻ അപേക്ഷകൾ ലഭിച്ചത്, അവയിന്മേലുള്ള തീരുമാനം, നിരസിച്ച പെൻഷൻ അപേക്ഷകൾ, നിരസിക്കാനുള്ള കാരണങ്ങൾ, അംഗീകരിച്ച പെൻഷൻ അപേക്ഷകൾ എന്നിങ്ങനെ മിനുട്ട്സ് വിശദവും വ്യക്തവുമായി എഴുതാൻ ശ്രദ്ധിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകൾ നിരസിക്കുന്ന പക്ഷം അപേക്ഷകനെ കാര്യ കാരണങ്ങൾ അറിയിക്കേണ്ടതുമാണ്.

ഇ) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 2022-23 ൽ 13 തവണയാണ് യോഗം ചേർന്നത്. യോഗങ്ങളുടെ മിനുട്ട്സ് കൃത്യമായി എഴുതിയിട്ടില്ല. 16.05.2022 തിയതിയിലെ മിനുട്ട്സിൽ പിന്നീട് കൂട്ടിച്ചേർക്കൽ വരുത്തിയതായും 28.09.2022 ലെ യോഗത്തിന്റെ മിനുട്ട്സ് അപൂർണമായി വച്ചിരിക്കുന്നതും ശ്രദ്ധയിൽ പെട്ടു. യോഗങ്ങളിൽ പകർച്ച വ്യാധികൾ, പ്ലാസ്റ്റിക് നിരോധനം, തെരുവ് നായ ശല്യം, മാലിന്യ പ്രശ്നങ്ങൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, ഹരിത കർമ സേനയുടെ പ്രവർത്തനം തുടങ്ങി ആരോഗ്യത്തെയും വിദ്യാഭ്യാസത്തെയും കുറിച്ചുള്ള പലവിധ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. മിനുട്ട്സ് വിശദവും വ്യക്തവുമായി എഴുതാൻ ശ്രദ്ധിക്കേണ്ടതാണ്.

2. കണക്ക് സൂക്ഷിപ്പ്, രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ്

അക്കൗണ്ടിംഗ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. അക്കൗണ്ടിംഗ് ചട്ടങ്ങൾ/പഞ്ചായത്ത് രാജ് അനുബന്ധ നിയമങ്ങൾ എന്നിവ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിംഗ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

ക്യാഷും അക്കൗണ്ട്സും വ്യത്യസ്ത ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്.

എന്നിരുന്നാലും പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയുടെ സൂക്ഷ്മപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1-1 മുതൽ 1-1-20 വരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ നിരീക്ഷണങ്ങളിന്മേൽ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം

ഓഡിറ്റിന്റെ ഭാഗമായി ക്യാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്. പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്.

4. നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പ്രധാന അക്രൂവൽ ഇനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി എന്നിവയുടെ പ്രതിമാസ ഡിമാന്റ് സമ്മറി തയ്യാറാക്കുകയും അതനുസരിച്ച് ഡിമാന്റ് ക്രമീകരണങ്ങൾ നടത്തുകയും ചെയ്തിട്ടില്ല.

ഓരോ വരവിനത്തിലുമുള്ള DCB കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. എന്നിരുന്നാലും വിവിധ വരവിനങ്ങൾ സംബന്ധിച്ച് ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങളിൽ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. ആസ്തികളിൻമേലുള്ള നിയന്ത്രണം

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

1-10 തനത് വരുമാനം- അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |

| | |
|---|---|
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

വിനോദനികുതി

പഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ,പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദസഞ്ചാരസാധ്യതകൾ ഉള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സിപ്പ് ലൈൻ (റോപ്പ് വേ), ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. ആയതിനാൽ തന്നെ പഞ്ചായത്തിന് വിനോദനികുതി ഇനത്തിൽ വരുമാനമില്ല.

റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്യാത്തതിനാൽ വസ്തു നികുതി ഇനത്തിലെ വരുമാനത്തിൽ കുറവു വരുന്നു

2015-16 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തീയതി | രസീത് നമ്പർ | കെട്ടിട നമ്പർ | തുക |
|---|---|---|---|---|
| 1 | 03/03/2017 | 11604107433 | 14/685 | 1136 |
| 2 | 13/03/2017 | 11604107723 | 19/445 | 548 |
| 3 | 15/03/2017 | 11604107807 | 17/331A | 386 |
| 4 | 29/03/2017 | 11604108178 | 9/341A1 | 1956 |
| 5 | 29/03/2017 | 11604108212 | 11/113 | 51 |
| 6 | 31/03/2017 | 11604108299 | 13/160A | 2016 |
| 7 | 17/04/2017 | 117040100258 | 8/253 | 227 |
| 8 | 27/04/2017 | 117040100479 | 8/266 | 59 |
| 9 | 24/05/2017 | 117040101053 | 12/1070 | 2514 |
| 10 | 01/06/2017 | 117040101180 | 14/234A | 636 |
| 11 | 02/06/2017 | 117040101242 | 12/693 | 1812 |
| 12 | 01/06/2018 | 118040101826 | 12/600 | 19 |
| 13 | 18/03/2019 | 118040108055 | 17/158B | 1701 |
| 14 | 27/03/2019 | 118040108536 | 11/244a | 908 |
| 15 | 30/03/2019 | 118040108921 | 9/404A | 273 |
| 16 | 27/04/2019 | 119040100526 | 15/104 | 56 |
| 17 | 04/06/2019 | 119040101756 | 1/456 | 182 |
| 18 | 04/06/2019 | 119040101777 | 16/99A | 390 |
| 19 | 19/06/2019 | 119040102243 | 10/560 | 102 |
| 20 | 17/07/2019 | 119040103085 | 13/386 | 567 |
| 21 | 18/07/2019 | 119040103123 | 3/503A | 480 |

| | | | | |
|---|---|---|---|---|
| 22 | 18/07/2019 | 119040103127 | 4/266 | 41 |
| 23 | 23/07/2019 | 119040103320 | 13/262A | 1378 |
| 24 | 23/09/2019 | 119040104502 | 16/418 | 94 |
| 25 | 25/09/2019 | 119040104503 | 5/200 | 763 |
| 26 | 26/12/2019 | 119040106315 | 13/189 | 1092 |
| ആകെ തുക | | | | 19387 |

മേൽ പ്രകാരം സഞ്ചയയിൽ രസീത് ക്യാൻസൽ ചെയ്യാത്തതിനാൽ 19387/- രൂപ വരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഈ വിഷയത്തിന്ന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർസ25/13.10.2023 ന് 2015-16 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ റദ്ദാക്കിയ സാംഖ്യ രസീതുകളിൽ ചിലത് സഞ്ചയയിൽ നിന്നും സോഫ്റ്റ് വെയർ തകരാർ മൂലം ഡിലീറ്റ് ആയിട്ടില്ലാത്തതാണെന്നും ആയവ സഞ്ചയയിൽ നിന്നും നീക്കം ചെയ്യുന്നതും കുടിശ്ശിക തുക ഉടമസ്ഥനിൽ നിന്നും ഈടാക്കുന്നതുമാണെന്നമാണ് മറുപടി ലഭിച്ചിട്ടുള്ളത്.

1-11 മൂന്നുമാസത്തിലധികമായ തുക നാളിതുവരേയും അക്കൗണ്ടിൽ വരവുവച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ എസ്.ബി.ഐ അക്കൗണ്ടിന്റെ (അക്കൗണ്ട് നം.37296214126) റീക്കൻസിലിയേഷൻ പത്രിക പ്രകാരം ചുവടെ പറയുന്ന (മൂന്ന് മാസത്തിലധികമായിട്ടുള്ള) തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 1220000004 | 12-04-2022 | 220 |
| 2 | 1220000005 | 13-04-2022 | 120 |
| 3 | 1220000007 | 13-04-2022 | 120 |
| 4 | 1220000008 | 13-04-2022 | 220 |
| 5 | 1220000012 | 18-04-2022 | 220 |
| 6 | 1220000235 | 22-08-2022 | 5 |
| 7 | 1220000043 | 16-05-2022 | 220 |
| 8 | 1220000094 | 09-06-2022 | 120 |
| 9 | 1220000096 | 09-06-2022 | 120 |
| 10 | 1220000097 | 10-06-2022 | 5 |
| 11 | 1220000278 | 20-09-2022 | 5 |
| 12 | 1220000281 | 23-09-2022 | 220 |
| 13 | 1220000282 | 24-09-2022 | 380 |
| 14 | 1220000288 | 28-09-2022 | 24 |
| 15 | 1220000457 | 10-11-2022 | 55 |
| 16 | 1220000458 | 10-11-2022 | 50 |
| 17 | 1220000459 | 10-11-2022 | 50 |
| 18 | 1220000563 | 16-12-2022 | 5 |
| 19 | 1220000041 | 13-05-2022 | 120 |
| 20 | 1220000042 | 16-05-2022 | 120 |

| | | | |
|---|---|---|---|
| 21 | 1220000001 | 09-04-2022 | 2 |
| 22 | 1220000002 | 09-04-2022 | 220 |
| ആകെ തുക | | | 2621 |

മേൽ തുകകൾ നാളിതുവരേയും അക്കൗണ്ടിൽ വരാത്തിനുള്ള വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/9.10.2023 ന് പഞ്ചായത്തിൽ നിലവിൽ ഇ-പേമെന്റ് മുഖേന ലഭിക്കേണ്ട തുക ഐ.കെ.എം ന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആയി കുറേ മാസങ്ങൾ കഴിഞ്ഞാണ് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതെന്നും ഇങ്ങനെ ട്രാൻസ്ഫർ നടത്തുമ്പോൾ പല വൗച്ചറിലെ തുകകൾ ട്രാൻസ്ഫർ ആവാതെ പോകാറുണ്ടെന്നും മേൽ തുക ട്രാൻസ്ഫർ ചെയ്യുന്നതിനായി ഐ.കെ.എം ന് രേഖാമൂലം അറിയിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ തുകകൾ അക്കൗണ്ടിൽ ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി തുക നാളിതുവരേയും അക്കൗണ്ടിൽ വരവുവച്ചിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ കാനറബാങ്ക് അക്കൗണ്ടിന്റെ (അക്കൗണ്ട് നം.4489101003856) റീക്കൺസിലിയേഷൻ പത്രിക പ്രകാരം ചുടെ പറയുന്ന (മൂന്ന് മാസത്തിലധികമായിട്ടുള്ള) തുക ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

| വൗച്ചർ നമ്പർ, തീയതി | ചെക്ക് നമ്പർ, തീയതി | തുക |
|---|---|---|
| 121040500034, 05-02-2022 | 4794502, 05-02-2022 | 10,750 |

മേൽ തുകകൾ ക്രഡിറ്റ് വരാത്തതിനുള്ള കാരണം ആയതിന്റെ തുടർനടപടി വിവരം എന്നിവ വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/ 9.10.2023 ന് പ്രസ്തുത തുക 2021-22 സാമ്പത്തിക വർഷം തൊഴിൽ നികുതി ഇനത്തിൽ ജി.ഡബ്ല്യൂ.എൽ.പി.എസ് ബെള സ്കൂളിന്റെ ഹെഡ് മാസ്റ്റർ സമർപ്പിച്ച ചെക്കായിരുന്നെന്നും തുക നാളിതുവരേയും ക്രഡിറ്റായിട്ടില്ലാത്ത വിവരം ഹെഡ് മാസ്റ്ററുടെ ശ്രദ്ധയിൽപ്പെടുത്തി അവരുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തുക ട്രാൻസ്ഫർ ആയിട്ടുണ്ടോ എന്ന് പരിശോധിച്ച് ട്രാൻസ്ഫർ ആയിട്ടില്ലെങ്കിൽ പുതിയ ചെക്ക് പഞ്ചായത്തിൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ തുക ലഭ്യമാക്കുന്നതിന് തുടർനടപടി സ്വീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കാനറ ബാങ്ക് - വാതിൽപടി സേവനം - ബാങ്ക് ചാർജ് തിരികെ ഈടാക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷം കാനറബാങ്കിൽ വാതിൽപടി സേവനത്തിനായി തുടങ്ങിയ അക്കൗണ്ടിൽ നിന്നും (അക്കൗണ്ട് നമ്പർ -110044834964) മിനിമം ബാലൻസ് ഇല്ലാത്തതിനാൽ ചുവടെ പറയും പ്രകാരം തുകകൾ ബാങ്ക് ചാർജായി ഈടാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | തീയതി | തുക |
|---|---|---|
| 1 | 1/10/2022 | 53 |
| 2 | 1/11/2022 | 41 |
| 3 | 1/12/2022 | 41 |
| 4 | 1/02/2023 | 53 |
| 5 | 1/03/2023 | 41 |

| | |
|---|---|
| ആകെ തുക | 229 |

മേൽ അക്കൗണ്ടിൽ 10/08/2022 ൽ 500/- രൂപ നിക്ഷേപിച്ചിരുന്നു. എന്നാൽ 11/08/2022 ലും 23/09/2022 ലും എസ്.എം.എസ്.അലർട്ട് എന്ന ഇനത്തിൽ 18/- രൂപ വീതം ആകെ 36/- രൂപ ബാങ്കിൽ നിന്നും കുറവ് ചെയ്തു. ആയതുപ്രകാരം ബാലൻസ് 464/- രൂപ ആയതിനാൽ മിനിമം ബാലൻസ് ഇനത്തിൽ 53/- രൂപ കുറവ് ചെയ്തു. എന്നാൽ എസ്.എം.എസ്.അലർട്ട് എന്ന ഇനത്തിൽ ഈടാക്കിയ തുക (36/-രൂപ) 9/11/2022 ൽ തിരികെ ലഭിച്ചെങ്കിലും മിനിമം ബാലൻസ് ഇനത്തിൽ കുറവ് ചെയ്ത തുക ലഭിച്ചിട്ടില്ല. കൂടാതെ തുടർച്ചയായി മിനിമം ബാലൻസ് തുക ഈടാക്കി വരുന്നു.

മേൽ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 40/16.10.2023 ന്റെ അടിസ്ഥാനത്തിൽ വിവരം ബാങ്കിൽ അറിയിക്കുകയും ആയതിന് 229/- രൂപ അക്കൗണ്ടിൽ തിരികെ ലഭ്യമാക്കുന്നതാണെന്ന് ബാങ്കിൽ നിന്നും അറിയിപ്പ് ഇ-മെയിൽ മുഖേന ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.
തുക അക്കൗണ്ടിൽ ലഭ്യമാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 വാസയോഗ്യമല്ലാത്തതും പൊളിഞ്ഞുപോയതുമായ കെട്ടിടങ്ങൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടില്ല.

ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന കെട്ടിടങ്ങൾ വാസയോഗ്യമല്ലാത്തതും പൊളിഞ്ഞുപോയവയുമാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | പേര് / വിലാസം | റിമാർക്സ് (എൻക്വയറി നമ്പർ 31/16.10.2023 ന് ലഭ്യമാക്കിയ മറുപടി) |
|---|---|---|---|
| 1. | 1/103A<br>1/103B | റിട്ട മെൻതരോ | വ്യക്തിയുടെ പേരിൽ ഒരു വീടാണ് ഉള്ളത്. ഡിമാന്റ് ഇരട്ടിപ്പ് സംഭവിച്ചതാണ്. |
| 2 | 1/165A<br>1/166E | ജാനകി | 22 വർഷം പഴക്കമുള്ള വീട് (1/165A) പൊളിഞ്ഞതാണ്. പകരം പുതിയ വീട് (1/166E) വെച്ചു. |
| 3 | 2/117<br>2/119A | ബീബി | 47 വർഷം പഴക്കമുള്ള വീട് (2/117) പൊളിഞ്ഞതാണ്. പകരം പുതിയ വീട് (2/119A) വെച്ചു. |
| 4 | 2/319<br>2/323 | ചനിയ | 40 വർഷം പഴക്കമുള്ള വീട് (2/323) പൊളിഞ്ഞതാണ്. പകരം പുതിയ വീട് (2/319) വെച്ചു. |
| 5 | 2/523<br>2/524 | ഐത്തപ്പ | 33 വർഷം പഴക്കമുള്ള വീട് (2/523) പൊളിഞ്ഞതാണ്. പകരം പുതിയ വീട് (2/524) വെച്ചു. |
| 6 | 3/130<br>3/130A | സുശീല | 25 വർഷം പഴക്കമുള്ള വീട് (3/130A) പൊളിഞ്ഞതാണ്. പകരം പുതിയ വീട് (3/130) വെച്ചു. |
| 7 | 3/343<br>3/345 | സത്യനാരായണ കെ | 25 വർഷം പഴക്കമുള്ള വീട് (3/343) പൊളിഞ്ഞതാണ്. പകരം പുതിയ വീട് വെച്ചു. |
| 8 | 4/154D<br>4/154E | ഈശ്വര നായ്ക്ക് | വ്യക്തിയുടെ പേരിൽ ഒരു വീടാണ് ഉള്ളത്. ഡിമാന്റ് ഇരട്ടിപ്പ് സംഭവിച്ചതാണ്. |
| 9 | 4/297A<br>4/297 | രാമ നായ്ക്ക് | 42 വർഷം പഴക്കമുള്ള വീട് (4/297) പൊളിച്ചതാണ്. പകരം പുതിയ വീട് (4/297A) വെച്ചു. |
| 10 | 5/295A | വിമല | 25 വർഷം പഴക്കമുള്ള വീട് (5/295A) പൊളിച്ചതാണ്. |

| | | | |
|---|---|---|---|
| | 5/295 | | പകരം പുതിയ വീട് (5/295) വെച്ചു. |
| 11 | 5/298<br>5/298A | നാരായണി | 24 വർഷം പഴക്കമുള്ള വീട് (5/298A) വാസയോഗ്യമല്ലാത്തതാണ്. പകരം പുതിയ വീട് (5/298) വെച്ചു. |
| 12 | 6/18A<br>6/18 | കുമാര എൻ | 45 വർഷം പഴക്കമുള്ള വീട് (6/18) പൊളിച്ചതാണ്. പകരം പുതിയ വീട് (6/18A) വെച്ചു. |
| 13 | 6/91<br>6/91A | ലീലാവതി | 30 വർഷം പഴക്കമുള്ള വീട് (6/91) പൊളിച്ചതാണ്. പകരം പുതിയ വീട് (6/91A) വെച്ചു. |
| 14 | 6/120<br>6/120A | സാവിത്രി | 25 വർഷം പഴക്കമുള്ള വീട് (6/120) പൊളിച്ചതാണ്. പകരം പുതിയ വീട് (6/120A) വെച്ചു. |
| 15 | 6/356A<br>6/356B | മുഹമ്മദ് | വ്യക്തിയുടെ പേരിൽ ഒരു വീടാണ് ഉള്ളത്. ഡിമാന്റ് ഇരട്ടിപ്പ് സംഭവിച്ചതാണ്. |
| 16 | 7/307G<br>7/307H<br>7/307C | ഫസീല | വ്യക്തിയുടെ പേരിൽ ഒരു വീടാണ് ഉള്ളത്. ഡിമാന്റ് ഇരട്ടിപ്പ് സംഭവിച്ചതാണ്. |
| 17 | 9/30A<br>9/30B | മുഹമ്മദ് കുഞ്ഞി | വ്യക്തിയുടെ പേരിൽ ഒരു വീടാണ് ഉള്ളത്. ഡിമാന്റ് ഇരട്ടിപ്പ് സംഭവിച്ചതാണ്. |
| 18 | 10/198<br>10/198A | സുമലിനി | 36 വർഷം പഴക്കമുള്ള വീട് (10/198) പൊളിച്ചതാണ്. പകരം പുതിയ വീട് (10/198A) വെച്ചു. |
| 19 | 10/534<br>10/536 | നബീസ | വ്യക്തിയുടെ പേരിൽ ഒരു വീടാണ് ഉള്ളത്. ഡിമാന്റ് ഇരട്ടിപ്പ് സംഭവിച്ചതാണ്. |
| 20 | 14/339<br>14/340A | ചന്ദ്രകാന്ത എം | 26 വർഷം പഴക്കമുള്ള വീട് (14/339) പൊളിച്ചതാണ്. പകരം പുതിയ വീട് (14/340A) വെച്ചു. |
| 21 | 15/287B<br>15/291 | നാരായണ നായ്ക്ക് | 11 വർഷം പഴക്കമുള്ള വീട് (15/291) വാസയോഗ്യമല്ലാത്തതാണ്. പകരം പുതിയ വീട് (15/287B) വെച്ചു. |
| 22 | 16/132<br>16/133<br>16/134 | അബ്ദുൾ റഹ്മാൻ | കെട്ടിട നമ്പരുകൾ പൊളിഞ്ഞ അവസ്ഥയിലാണ്. ഉടമയെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല. |
| 23 | 16/81A<br>16/81 | രാമ നായ്ക്ക് | 23 വർഷം പഴക്കമുള്ള വീട് (16/81) പൊളിച്ചതാണ്. പകരം പുതിയ വീട് (16/81A) വെച്ചു. |
| 24 | 16/224A<br>16/224B<br>16/224C | കെ ഹസ്സൈനാർ | കെട്ടിട നമ്പരുകൾ പൊളിഞ്ഞ അവസ്ഥയിലാണ്. ഉടമയെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല. |
| 25 | 17/312A<br>17/312B | രാമ മുഖാരി | പുതിയ വീട് നിർമ്മിക്കുന്നതിന് മുന്നോടിയായി നിർമ്മിച്ച ഷെഡ് (17/312A). പുതിയ വീട് (17/312B) നിർമ്മിച്ചപ്പോൾ പൊളിച്ചു മാറ്റി. |
| 26 | 17/325A | ഗുരുവ | 30 വർഷം പഴക്കമുള്ള വീട് (17/326) പൊളിച്ചതാണ്. |

| | | | |
|---|---|---|---|
| | 17/326 | | പകരം പുതിയ വീട് (17/325A) വെച്ചു. |
| 27 | 18/41<br>18/41A | അബ്ദുൾ റഹിമാൻ | 21 വർഷം പഴക്കമുള്ള വീട് (18/41A) വാസയോഗ്യമല്ലാത്തതാണ്. പകരം പുതിയ വീട് (18/41) വെച്ചു. |
| 28 | 18/223<br>18/223A | വെങ്കപ്പ നായ്ക്ക് | 58 വർഷം പഴക്കമുള്ള വീട് (18/223) പൊളിച്ചതാണ്. പകരം പുതിയ വീട് (18/223A) വെച്ചു. |

മേൽ പ്രകാരം വാസയോഗ്യമല്ലാത്തതും പൊളിഞ്ഞുപോയതുമായ കെട്ടിടങ്ങൾ സഞ്ചയയിൽ നിലനിൽക്കുന്നുണ്ട്. ഇവ സഞ്ചയയിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഡിമാന്റിൽ ഇരട്ടിപ്പ് സംഭവിച്ചവയുള്ള തുടർ നടപടി സ്വീകരിക്കുകയും ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് - ഉത്തരവ് പ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല

1) ചുവടെ പറയുന്ന കെട്ടിടത്തിന് വിമുക്ത ഭടൻമാരുടെ കെട്ടിടം എന്ന ഇനത്തിൽ ഇളവ് നൽകിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട അപേക്ഷ / സത്യവാങ്മൂലം, കമ്മിറ്റിതീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| വാർഡ് | കെട്ടിട നമ്പർ | പേര് | ഇളവ് നൽകിയ വർഷം |
|---|---|---|---|
| 12 | 554B | വിനീത് ജോസ്, പറെക്കാട്ടിൽ ഹൌസ്,മൂക്കംപാറ | 2018 രണ്ടാം അർദ്ധവർഷം മുതൽ |

മേൽ കെട്ടിടത്തിന് നികുതി ഒഴിവാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2) 1.1.2005 ലെ സ.ഉ (എം.എസ്) നം 3/2005/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിമുക്ത ഭടൻമാരെയും / വിധവകളെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വീട്ടുകരം അടക്കുന്നതിൽ നിന്നും 2004-05 അർദ്ധവർഷം മുതൽ ഒഴിവാക്കി ഉത്തരവായിരുന്നു. സ.ഉ(കൈ)നം 106/17/തസ്വഭവ, 26.5.17 പ്രകാരം പരിഷ്കരിച്ച ഉത്തരവും പുറപ്പെടുവിച്ചിരുന്നു. ഈ നിർദ്ദേശ പ്രകാരം കെട്ടിടനികുതി ഇളവിന് അർഹരായ വിമുക്തഭടൻമാർക്ക് / വിമുക്തഭടൻമാരുടെ ഭാര്യമാർക്ക് / വിധവകൾക്ക് നികുതി സംബന്ധമായി ഒരു പ്രത്യേക രജിസ്റ്റർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. കെട്ടിടനികുതി ഇളവ് അനുവദിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഏതെങ്കിലും മാറ്റം വരുന്ന പക്ഷം ആയത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ യഥാസമയം ഗുണഭോക്താക്കൾ അറിയിക്കേണ്ടതും പ്രസ്തുത വിവരം ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ അനുയോജ്യമായ കോളത്തിൽ / പേജിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് കണ്ടെത്തിയാൽ പ്രസ്തുത വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഇളവ് നൽകി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് റദ്ദാക്കേണ്ടതും അപ്രകാരം സർക്കാരിനുണ്ടായ നഷ്ടം ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ക്രമപ്രകാരം ഈടാക്കേണ്ടതുമാണ്.

മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-16 തൊഴിൽ നികുതി ക്രമപ്രകാരം ഈടാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ ചുവടെ പറയും പ്രകാരം ഒന്നാം അർദ്ധവർഷം 60/- രൂപയും രണ്ടാം അർദ്ധവർഷം 210/- രൂപയും കുറവ് വന്നിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ ചുവടെ പറയും പ്രകാരം കുറവ് വന്നിട്ടുണ്ട്.

A) ഒന്നാം അർദ്ധവർഷം

| ക്രമ നമ്പർ | പേര്, സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| 1 | വിദ്യ ദേവി (ടീച്ചർ) - കുന്നിൽ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ട് | 21000 (3500 X 6) | 180 | 120 | 60 |
| ആകെ തുക | | | 180 | 120 | 60 |

B) രണ്ടാം അർദ്ധവർഷം

| ക്രമ നമ്പർ | പേര്, സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| 1 | കല.കെ (ടീച്ചർ) - ഗ്ലോബൽ പബ്ലിക്ക് സ്കൂൾ | 54000 (9000 X 6) | 450 | 300 | 150 |
| 2 | വിദ്യാ ദേവി (ടീച്ചർ) - കുന്നിൽ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ട് | 21000 | 180 | 120 | 60 |
| ആകെ തുക | | | 630 | 420 | 210 |

മേൽ പ്രകാരം ഒന്നാം അർദ്ധവർഷം 60/- രൂപയും രണ്ടാം അർദ്ധവർഷം 210/- രൂപയും കുറവു വന്നത് ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഗുണഭോക്താക്കളുടെ മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്ന

1) 2022-23 വർഷം മരണരജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം "സേവന" വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചതിൽ ചുവടെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര്, ഇനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | ഉമ്മലിമ്മ (വിധവ പെൻഷൻ) | 111870600486 | 16/07/2020 | 8/2020 – 2/2023 (1300 + 1400x4 + 1500x3 + 1600x23) | 46900 |
| 2 | ബീഭാത്തിമ (വാർദ്ധക്യ പെൻഷൻ) | 111870200325 | 8/06/2022 | 7/2022 – 2/2023 (1600x8) | 12800 |
| 3 | ഖദീജ (വാർദ്ധക്യ പെൻഷൻ) | 111870202191 | 21/03/2022 | 4/2022 – 4/2023 (1600x13) | 20800 |
| 4 | കുഞ്ഞാമു | 111870202114 | 1/08/2022 | 8/2022 – 6/2023 | 17600 |

| | | | | | |
|---|---|---|---|---|---|
| | (വാർദ്ധക്യ പെൻഷൻ) | | | (1600x11) | |
| 5 | കമലാക്ഷി<br>(വിധവ പെൻഷൻ) | 111870600663 | 27/07/2022 | 8/2022 – 9/2022<br>(1600x2) | 3200 |
| 6 | സുന്ദര<br>(വാർദ്ധക്യ പെൻഷൻ) | 111870202715 | 13/07/2022 | 8/2022- 6/2023<br>(1600X11) | 17600 |
| 7 | എൻ.ജി.കൃഷ്ണഭട്ട്<br>(വാർദ്ധക്യ പെൻഷൻ) | 111870203086 | 24/10/2022 | 11/2022 – 6/2023<br>(1600X8) | 12800 |
| 8 | പി.ബാബു<br>(ഡിസബിലിറ്റി പെൻഷൻ) | 111870400069 | 5/12/2022 | 1/2023-6/2023<br>(1600X6) | 9600 |
| 9 | കദീജമ്മ<br>(കർഷകതൊഴിലാളിപെൻഷൻ) | 111870100386 | 17/05/2021 | 6/2021-12/2021<br>(1600X7) | 11200 |
| 10 | അബ്ദുൽകാദർ<br>(വാർദ്ധക്യ പെൻഷൻ) | 111870200829 | 15/12/2021 | 1/2022 – 6/2023<br>(1600X18) | 28800 |
| 11 | ആദം കുഞ്ഞി<br>(കർഷകതൊഴിലാളിപെൻഷൻ) | 111870100374 | 20/01/2022 | 2/2022 – 11/2022<br>(1600X10) | 16000 |
| 12 | രാമ<br>(കർഷകതൊഴിലാളിപെൻഷൻ) | 111870100317 | 11/12/2021 | 1/2022 – 6/2023<br>(1600X18) | 28800 |
| 13 | ഷെഡ്യാല<br>(വാർദ്ധക്യ പെൻഷൻ) | 111870202200 | 23/03/2021 | 4/2021-8/2021<br>(1600X8) | 12800 |
| 14 | എല്ല്യണ്ണ പൂജാരി<br>(വാർദ്ധക്യ പെൻഷൻ) | 111870202187 | 14/01/2022 | 2/2022 – 4/2022<br>(1600X3) | 4800 |
| 15 | നാരായണ<br>(വാർദ്ധക്യ പെൻഷൻ) | 111870201013 | 6/02/2022 | 3/2022 – 6/2023<br>(1600X16) | 25600 |
| 16 | സുന്ദര<br>(വാർദ്ധക്യ പെൻഷൻ) | 111870202178 | 26/05/2022 | 6/2022 – 9/2022<br>(1600X4) | 6400 |
| 17 | സുന്ദരി<br>(വിധവ പെൻഷൻ) | 111870600375 | 14/05/2022 | 6/2022- 6/2023<br>(1600X13) | 20800 |
| 18 | അമ്മാർകഞ്ഞി<br>(വാർദ്ധക്യ പെൻഷൻ) | 111870200716 | 23/05/2022 | 6/2022 – 8/2022<br>(600X3) | 1800 |
| ആകെ തുക | | | | | 298300 |

മേൽ ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ പെൻഷൻ തുക ഡി.ബി.റ്റി സെല്ലിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ഗുണഭോക്താവിന്റെ മരണശേഷം മറ്റ് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും തുക വിതരണം ചെയ്യതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്, ഇനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്യതിന്റെ വിവരങ്ങൾ |
|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | ഇ കുഞ്ഞികൃഷ്ണൻ നായർ (വാർദ്ധക്യ പെൻഷൻ) – പുത്തിഗെ ഗ്രാമപഞ്ചായത്ത് | 111810201703 | 29/12/2021 | 1/2022 – 6/2023 (1600X18) | 28800 |
| 2 | മദറു (വിധവ പെൻഷൻ) – എൻമകജെ ഗ്രാമപഞ്ചായത്ത് | 111860600576 | 11/09/2022 | 10/2022 – 6/2023 (1600X9) | 14400 |
| ആകെ തുക | | | | | 43200 |

3) ബദിയഡുക്ക കൃഷി ഓഫീസിൽ നിന്നും ഗുണഭോക്താക്കളുടെ മരണ ശേഷവും ചുവടെ പറയും പ്രകാരം തുക വിതരണം ചെയ്തിരിക്കുന്നു.

| ക്രമ നം | പേര്, ഇനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | കൃഷ്ണ | 2220319495 | 17/09/2021 | 10/2021 – 2/2022 (1600X5) | 8000 |
| 2 | സീതി കുഞ്ഞി | 2220319423 | 12/02/2022 | 3/2022 – 6/2023 (1600X16) | 25600 |
| ആകെ തുക | | | | | 33600 |

മേൽ പ്രകാരം ഗുണഭോക്താക്കൾ മരണപ്പെട്ട വിവരം മറ്റ് സ്ഥാപനങ്ങളിൽ അറിയാതെപോകുന്നതിനാൽ ആനുകൂല്യം വിതരണം ചെയ്തുവരുന്നു. മേൽ സ്ഥാപനത്തെ വിവരം അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 റോഡ് ടാറിംഗ് പ്രവൃത്തി- രേഖകൾ പ്രകാരം ചെയ്ത പ്രവൃത്തി സൈറ്റിൽ യഥാർത്ഥത്തിൽ ചെയ്തതായി കാണുന്നില്ല

പ്രോജക്ട് നം 115/23- ദേവർമൊട്ട കുണ്ടിക്കാന റോഡ് ടാറിംഗ്

ചെലവ്- 3,00,000 രൂപ (BRN 212002520201005l9420, തിയതി- 06.09.2022, മെയിന്റനൻസ് ഫണ്ട്)

99630 രൂപ (ചെക്ക് നം. JN5568150, 10.10.2022- 99,630 രൂപ, തനതു ഫണ്ട്)

എസ്റ്റിമേറ്റ് നം- 2022/4697

കരാറുകാരൻ- ജഗന്നാഥ റൈ

അളവു പുസ്തകം നമ്പർ - 31/21-22, 32/21-22

ഈ പ്രവൃത്തിയുടെ അംഗീകൃത എസ്റ്റിമേറ്റ് (എസ്റ്റിമേറ്റ് നം.2022/4697) പ്രകാരം പ്രവൃത്തി നടപ്പിലാക്കേണ്ടിയിരുന്നത് കന്യാപ്പാടി മുണ്ടിത്തടുക്ക റോഡിൽ നിന്നും ദേവർമൊട്ട എന്ന സ്ഥലത്തു നിന്നും ആരംഭിച്ച് കുണ്ടിക്കാന വരെ പോകുന്ന റോഡിലെ 0/200 മുതൽ - 0/275, 0/675 മുതൽ 0/711 എന്നീ ചെയിനേജുകളിലായിരുന്നു. എന്നാൽ പ്രവൃത്തിയുടെ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് പ്രകാരം പ്രവൃത്തി നടത്തിയിരിക്കുന്നത് 0/200 മുതൽ - 0/275 വരെയുള്ള 75 മീറ്ററിൽ 27.15 മീറ്ററിലും 0/675 മുതൽ 0/711 എന്ന ചെയിനേജിലെ, 36 മീറ്ററിനു പകരം 84 മീറ്ററിലും

ആണ്. (36 മീറ്റർ നീളമുള്ള ചെയിനേജിൽ 84 മീറ്റർ ടാർ ചെയ്തു എന്നാണ് എംബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.)

ഇതേത്തുടർന്ന് LID & EW ഓഫീസിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തിയുടെ സൈറ്റ് പരിശോധന 16.10.2023 ന് നടത്തുകയുണ്ടായി. ടാറിംഗ് പ്രവൃത്തി നടത്തിയെന്ന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ചെയിനേജുകളിൽ ടാറിംഗ് പ്രവൃത്തി നടത്തിയിട്ടില്ല എന്നും ഈ ചെയിനേജിൽ പഴയ ടാർ പ്രതലം നിലനിൽക്കുന്നുണ്ട് എന്നും സൈറ്റ് പരിശോധനയിൽ വ്യക്തമാവുകയുണ്ടായി.

ഈ സാഹചര്യത്തിൽ പ്രവൃത്തിക്കായി ചെലവഴിച്ച 3,99,630 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. LID & EW ലെ ഉയർന്ന ഉദ്യോഗസ്ഥരും പശ്ചാത്തല മേഖല മോണിറ്ററിംഗ് സമിതിയും മറ്റു ജനപ്രതിനിധികളും അടങ്ങുന്ന ടീം രൂപീകരിച്ച് പ്രവൃത്തി സ്ഥലം സന്ദർശിച്ച് ഈ പ്രവൃത്തി സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയുടെ ശുപാർശ സഹിതം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉള്ളടക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം പ്രവൃത്തി ചെയ്യാതെ തുക നൽകി എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-19 റോഡ് റീടാറിംഗ് പ്രവൃത്തി- ചെയിനേജ് നിബന്ധന മറി കടന്നു കൊണ്ടുള്ള പ്രവൃത്തി നിർവഹണം-മറ്റു അപാകതകൾ- ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം 331/23- ചുക്കിനടുക്ക ഭജനമന്ദിരം റോഡ് റീടാറിംഗ്

ചെലവ്- 4,30,302 രൂപ (BRN 21200252020101544635, തിയതി- 28.03.2023, മെയിന്റനൻസ് ഫണ്ട്)

എസ്റ്റിമേറ്റ് നം- LSGD/CELSGD/EST/74253/2022 (പ്രൈസ് 3)

കരാറുകാരൻ- അബ്ദുള്ള.കെ.ഐ

ഈ പ്രവൃത്തിയുടെ അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടപ്പിലാക്കേണ്ടിയിരുന്നത് ചുക്കിനടുക്ക ഭജനമന്ദിരം റോഡിലെ 0/472 മുതൽ - 0/639, വരെയുള്ള ചെയിനേജിലായിരുന്നു. പ്രവൃത്തിയുടെ അളവു പുസ്തകത്തിൽ (E-M BOOK) രേഖപ്പെടുത്തിയിരിക്കുന്നത് പ്രകാരം പ്രവൃത്തി നടത്തിയിരിക്കുന്നത് 0/481 മുതൽ - 0/519 വരെയുള്ള 38 മീറ്ററിലും 0/538മുതൽ 0/643എന്ന ചെയിനേജിലെ 94.5 മീറ്ററിലും ആണ്.

ഇതേത്തുടർന്ന് LID & EW ഓഫീസിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തിയുടെ സൈറ്റ് പരിശോധന 16.10.2023, 17.10.2023 എന്നീ തിയതികളിൽ നടത്തുകയുണ്ടായി.

0/484.9 മുതൽ 0/591.10, 0/609.7 മുതൽ 0/646.5എന്നീ ചെയിനേജുകളിലെ 143 മീറ്റർ ദൂരത്തിൽ Mix Seal Surfacing ചെയ്തിരിക്കുന്നതായി സൈറ്റിൽ കാണുകയുണ്ടായി.

കൂടാതെ, എസ്റ്റിമേറ്റിലെ ഇനം 8 പ്രകാരം 0/567 മുതൽ 0/629 എന്ന ചെയിനേജിൽ 62 മീറ്റർ നീളത്തിൽ റോഡിന്റെ ഇരു വശങ്ങളിലുമായി ഐറിഷ് ഡ്രെയിൻ നിർമിക്കാൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ അളവു പുസ്തക പ്രകാരം 0/519 മുതൽ 0/538 വരെയുള്ള ചെയിനേജിലെ 19 മീറ്ററിൽ 3.5 മീറ്റർ വീതിയിൽ 15 സെ.മീ. കനത്തിൽ കോൺക്രീറ്റ് ചെയ്യുകയാണ് ചെയ്തത്. (എസ്റ്റിമേറ്റ് പുതുക്കിയിട്ടില്ല.)

എന്നാൽ, LID & EW ഓഫീസിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ 16.10.2023, 17.10.2023 എന്നീ തിയതികളിൽ നടത്തിയ സൈറ്റ് പരിശോധനയിൽ 0/519 മുതൽ 0/538 വരെയുള്ള ചെയിനേജിൽ കോൺക്രീറ്റ് പ്രവൃത്തി നടത്തിയിട്ടില്ല എന്ന് കാണുന്നു. മറിച്ച്, 0/591.10 മുതൽ 0/609.7എന്ന ചെയിനേജിൽ 18.6 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്തിട്ടുള്ളതായി സൈറ്റ് പരിശോധനയിൽ കാണുന്നു.

എസ്റ്റിമേറ്റിലെ ചെയിനേജ് പാലിച്ച് പ്രവൃത്തി നടത്താത്തതിനുള്ള കാരണം, തെറ്റായ ചെയിനേജുകളിൽ പ്രവൃത്തി നടത്തിയതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിനും അത് ചെക്ക് മെഷർ ചെയ്തതിനുമുള്ള വിശദീകരണം, എസ്റ്റിമേറ്റിൽ ഐറിഷ് ഡ്രെയിൻ ചെയ്യാൻ നിർദേശിച്ചത് പാലിക്കാതെ, എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ, ഐറിഷ് ഡ്രെയിനിന് പകരം റോഡ് കോൺക്രീറ്റ്

ചെയ്തതിനുള്ള കാരണം, പഞ്ചായത്ത് കമ്മിറ്റി അറിയാതെ മേൽ വിവരിച്ച മാറ്റങ്ങൾ വരുത്തിയതിനുള്ള വിശദീകരണം എന്നിവ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.50, തിയതി 17.10.2023) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രവൃത്തിക്കായി ചെലവ് ചെയ്ത 4,30,302 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

LID & EW ലെ ഉയർന്ന ഉദ്യോഗസ്ഥരും പഞ്ചാത്തല മേഖല മോണിറ്ററിംഗ് സമിതിയും മറ്റു ജനപ്രതിനിധികളും അടങ്ങുന്ന ടീം രൂപീകരിച്ച് പ്രവൃത്തി സ്ഥലം സന്ദർശിച്ച് ഈ പ്രവൃത്തി സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയുടെ ശുപാർശ സഹിതം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉള്ളടക്കം ചെയ്യേണ്ടതാണ്.

## 1-20 മരാമത്ത് പ്രവൃത്തികൾ- കരാറുകാർ ഇൻഷുറൻസ് എടുക്കുന്നുവെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഉറപ്പു വരുത്തിയിട്ടില്ല.

നോട്ടീസ് ഇൻവൈറ്റിംഗ് ടെണ്ടർ, സ്റ്റാന്റേർഡ് ബിഡ് ഡോക്യുമെന്റ്, പ്രൈസ് 3 ൽ എസ്റ്റിമേറ്റ് തയ്യാറാക്കി നടത്തിയ പ്രവൃത്തികളിൽ പ്രൈസ് 3 ൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട കരാറുകാരുടെ പോർട്ടലിലേക്ക് അയക്കുന്ന ലെറ്റർ ഓഫ് ആക്സപ്റ്റൻസ് എന്നിവ പ്രകാരമുള്ള ഇൻഷുറൻസ് പരിരക്ഷ സംബന്ധിച്ച നിബന്ധന നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ പാലിച്ചിട്ടില്ല എന്ന് കാണുന്നു.

തെരെഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ കരാർ തുകയുടെ 0.5% മൂല്യമുള്ള (കുറഞ്ഞത് 2 ലക്ഷം രൂപ, കൂടിയത് 5 ലക്ഷം രൂപ) ഇൻഷുറൻസ് എടുത്തിരിക്കണമെന്ന വ്യവസ്ഥ പാലിക്കുന്നതായി നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തിയിട്ടില്ല. ഇൻഷുറൻസ് എടുക്കാത്ത പക്ഷം കരാർ തുകയുടെ 0.2% തുക പിഴയായി ബില്ലിൽ നിന്നും ഈടാക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. പിഴ തുക ഈടാക്കാത്തതിനാൽ താഴെ പറയും പ്രകാരം 14,887.90 രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | കരാറുകാരന്റെ പേര് | കരാർ തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | 250 | Padaladka Bus Waiting Shed Maintanence | Muhammed Sabir .G.H | 63297.21 | 126.59 |
| 2 | 210 | Korikkar Kattathaballi Road Drinage | SHARAFUDDIN | 169264.19 | 338.53 |
| 3 | 33 | MANYA KARMAR ROAD CONCRETE | JAGANNATHA RAI | 169334.8 | 338.67 |
| 4 | 234 | Chennarkatte Chambalthimar Road Re Tarring | ABDULLA KUNHI | 423439.77 | 846.88 |
| 5 | 23 | KADAMBALA BELA ROAD TARRING | VASUDEVA HOLLA | 254220.41 | 508.44 |
| 6 | 259 | Birminadkka Masjid Road Re Tarring | VASUDEVA HOLLA | 253403.66 | 506.81 |
| 7 | 247 | Seethangoli Chowkar Road Re Tarring | ABDULLA K.I | 423264.89 | 846.53 |
| 8 | 260 | Beejanthadka Kanakappady Chinmaya Road Re Tarring | ABDULLA KUNHI | 338402.18 | 676.8 |

| | | | | | |
|---|---|---|---|---|---|
| 9 | 333 | Karmar Temple Road Re Tarring | ABDULLA K.I | 423173.7 | 846.35 |
| 10 | 37 | CHARLADKA K T ROAD CONCRETE | SABAD C.A | 168669.99 | 337.34 |
| 11 | 241 | Mppkkampara Banjathadkka Road Re Tarring | Gafoor.C.M | 253512.58 | 507.03 |
| 12 | 248 | Ballampettu Kuduppumkuzhi Re Tarring | Abdulla B.M | 254220.41 | 508.44 |
| 13 | 277 | Seethamgoli Anganwadi Repair | C Sulaiman | 211178.83 | 422.36 |
| 14 | 280 | C E C Kuduppamkuzhi Repair | SANTHOSH KUMAR K.A | 63369.44 | 126.74 |
| 15 | 29 | MUNIYOOR SHASTHA TEMPLE ROAD CONCRETE | UMANATHAN B K | 168669.99 | 337.34 |
| 16 | 214 | Kadamana Madathadukka Road Drainage | ABDULLA KUNHI B | 169460.62 | 338.92 |
| 17 | 26 | SHANTHIPPALLA THALPANAJE ROAD TARRING | JAGANNATHA RAI | 254181.22 | 508.36 |
| 18 | 224 | Kotta Cheemull Road Drainage | Muhammed Sabir .G.H | 126575.76 | 253.15 |
| 19 | 331 | Chukkinadukka Bhajana Mandiram Road Re Tarring | ABDULLA K.I | 423259.08 | 846.52 |
| 20 | 196 | Eniyarappu Birminadkka Road Re Tarring | ABDULLA K.I | 423034 | 846.07 |
| 21 | 237 | Kadamana Puliyadi Road Re Tarring | ABDULLA K.I | 422880.08 | 845.76 |
| 22 | 233 | Valamala Shmashana Road Re Tarring | ABDULLA K.I | 423659.28 | 847.32 |
| 23 | 336 | Panchikallu Kanyana Masjid Road Re Tarring | ABDULLA K.I | 423153.45 | 846.31 |
| 24 | 213 | Balakumeri Road Drainage | ABDUL KHADER FAIZAL A M | 126765.03 | 253.53 |
| 25 | 211 | Kadamana Puliyadi Road Drainage | ABDUL KHADER FAIZAL A M | 126913.98 | 253.83 |
| 26 | 220 | Bappaliponam Masjid Road Drainage | Muhammed Sabir .G.H | 169178.96 | 338.36 |
| 27 | 225 | Baradukka Hidayath Nadar Road Drainage | ABDUL KHADER FAIZAL A M | 167287.26 | 334.57 |

| | | | | | |
|---|---|---|---|---|---|
| 28 | 242 | Goliyadkka Shanthipalla Road Re Tarring | ABDULLA K.I | 423362.14 | 846.72 |
| 29 | 221 | Parthikkar Deyyanderu Road Drainage | SABAD C.A | 126813.91 | 253.63 |
| | | ആകെ | | | 14,887.90 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.43, തിയതി 16.10.2023) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്. എല്ലാ മരാമത്ത് പ്രവൃത്തികളിലും പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ് കരാറുകാർ ഇൻഷ്വറൻസ് എടുക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അതിനു തയ്യാറാകാത്ത പക്ഷം മാത്രം പിഴ ശിക്ഷ കൈക്കൊള്ളാവുന്നതാണ്.

1-21 മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും സർവീസ് ചാർജ് ഇനത്തിൽ തുക ഈടാക്കി- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2022-23 വർഷം പേമെന്റ് നടത്തിയ ചില പ്രവൃത്തികളുടെ ബില്ലുകളിൽ ജി.എസ്.ടി, ആദായ നികുതി, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവയ്ക്കു പുറമേ സർവീസ് ചാർജ് എന്ന പേരിൽ കാരാറുകാരിൽ നിന്നും തുകകൾ ഈടാക്കിയിട്ടുള്ളതായി കാണുന്നു. നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ ബില്ലുകളിൽ കുറവ് ചെയ്യുന്ന 1% തുകയുടെ 1% ആണ് സർവീസ് ചാർജ് എന്ന പേരിൽ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടുള്ളത്. ഇത് ഏതിനത്തിലുള്ള റിക്കവറി ആണെന്നും ഏതു നിയമപ്രകാരം / നിർദേശപ്രകാരമാണ് ഈ തുക ഈടാക്കിയിട്ടുള്ളതെന്നും വിശദീകരിക്കേണ്ടതാണ്.

പ്രവൃത്തികളുടെയും മേൽ വിവരിച്ച പ്രകാരം ഈടാക്കിയ തുകകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(അവലംബം- വെബ് സാംഖ്യ റിപ്പോർട്ട്)

| | | | | | | |
|---|---|---|---|---|---|---|
| 1 | 222002520201003106 48 | 175 | Cuvert And Road Improvement To Valakunje Ajjimoole Road | 379118.00 | 34.00 | 2022-07-15 |
| 2 | 222002520201003710 56 | 106 | CHALAKKODU SC COLONY PIPE LINE EXTENSION | 42000.00 | 40.00 | 2022-07-15 |
| 3 | 222002520201005117 79 | 132 | MAINTANANCE OF KUNTALMOOLA ANGANWADY | 246536.00 | 25.00 | 2022-07-15 |
| 4 | 222002520201005195 09 | 189 | CHIMMINADUKKA BOLUMBU ROAD CONCRETE | 297507.00 | 27.00 | 2022-08-06 |
| 5 | 222002520201005585 42 | 108 | KANNIYATH KEDENJI TEMPLE SIDE ROAD PROTECTION | 157673.00 | 15.00 | 2022-09-05 |
| 6 | 222002520201005695 93 | 92 | DODDADUKKA PERDANAMULA ROAD RETARRING | 313253.00 | 27.00 | 2022-09-12 |
| 7 | 222002520201006586 13 | 127 | KATTATHANGADI KUMARAMANGALAM ROAD CULVERT | 380095.00 | 40.00 | 2022-09-24 |
| 8 | 222002520201007292 29 | 121 | DEVARAKARA MILITARY ROAD CONCRETE | 162606.00 | 14.00 | 2022-09-24 |
| 9 | 222002520201007292 31 | 140 | Elkkana Bandaradka Road Concrete | 381838.00 | 33.00 | 2022-10-21 |

| | | | | | | |
|---|---|---|---|---|---|---|
| 10 | 222002520201007292 32 | 142 | Arthippalla Housing Colony Road Concrete | 350793.00 | 30.00 | 2022-11-08 |
| 11 | 2220025202010094606 3 | 136 | MAINTANANCE OF NEERCHAL ANGANWADY | 51901.00 | 52.00 | 2022-11-08 |
| 12 | 2220025202010094608 1 | 135 | MAINTANANCE OF C E C BADIADKA | 146189.00 | 13.00 | 2022-11-08 |
| 13 | 2220025202010094610 2 | 130 | MAINTANANCE MAJIRPALLAKKATTA ANGANWADY | 259864.00 | 26.00 | 2022-12-31 |
| 14 | 2220025202010104721 6 | 125 | BIRMINADUKA PUTHUKOLI ROAD TARRING | 400000.00 | 36.00 | 2022-12-26 |
| 15 | 2220025202010031064 9 | 138 | KUDUPPAMKUZHI MASJID CROSS ROAD CULVERT AND DRAINAGE | 201143.00 | 18.00 | 2023-02-03 |
| 16 | 2220025202010031064 4 | 153 | Upper Bela Molayar Drainage Slab | 269543.00 | 25.00 | 2023-01-19 |

## 1-22 കേരള ഭൂജല വകുപ്പിൽ ൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നം. 315 /2023 -വിവിധ കുടിവെള്ള പദ്ധതികൾ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 6,64,625 രൂപ വൗച്ചർ നം.xvfc/2022-23/p/49, 09.02.2023 പ്രകാരം പിൻവലിച്ച് കേരള ഭൂജല വകുപ്പിന്റെ കാസറഗോഡ് ജില്ലാ ഓഫീസറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. (അക്കൗണ്ട് നം.67304078476). പ്രവൃത്തികളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | ഉർളിത്തടുക്ക ടവറിന് സമീപം കുഴൽക്കിണർ | 1,03,940 |
| 2 | മണ്ടത്തടുക്ക ഭവനമന്ദിരത്തിന് സമീപം കുഴൽക്കിണർ | 34,015 |
| 3 | നീർച്ചാൽ കണ്ടിഗെ എസ്.സി കോളനി കുഴൽക്കിണർ & മോട്ടോർ | 51,833 |
| 4 | കോരിക്കാറിൽ കുഴൽക്കിണർ | 87,299 |
| 5 | ഗിരിനഗറിൽ കുഴൽക്കിണർ | 91,796 |
| 6 | തൽപ്പണാജെ യിൽ കുഴൽക്കിണർ | 1,45,774 |
| 7 | ദേവറമൊട്ട യിൽ കുഴൽക്കിണർ | 1,49,968 |
| | ആകെ | 6,64,625 |

പ്രവൃത്തിക്കായി ഭൂജല വകുപ്പിന്റെ ജില്ലാ ഓഫീസറും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിൽ കരാർ ചമച്ചതായി കാണുന്നില്ല. അതിന് വിശദീകരണം നൽകേണ്ടതാണ്. പ്രവൃത്തിയുടെ നിലവിലെ സ്ഥിതിവിവരം ഫയലിൽ ലഭ്യമല്ല. പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും തുകയുടെ വിനിയോഗ വിവരവും അറിയിക്കേണ്ടതാണ്. ചെലവ് തുക 6,64,625 രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 Rtrack ആപ്ലിക്കേഷനിൽ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കൽ- പദ്ധതി പൂർത്തീകരിച്ചിട്ടില്ല

GIS Based Conncetivity Map And Digital Asset Register Preparation-R-Track

ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ നിലവിലെ എല്ലാ റോഡുകളുടെയും കണക്ടിവിറ്റി മാപ്പ്

തയ്യാറാക്കുന്നതിന് പ്രോജക്റ്റ് നം.370/23 ൽ തനതു ഫണ്ടിൽ നിന്നും ഒരു 1,00,000 രൂപ വകയിരുത്തിയിരുന്നു.

പഞ്ചായത്ത് കമ്മിറ്റിയുടെ 29.12.2022 ലെ 18/26 നമ്പർ തീരുമാന പ്രകാരം ഈ പ്രോജക്ടിന്റെ സർവേ നടത്തുന്നതിന് ശ്രീ.കൃഷ്ണകുമാർ എന്നവരെ നിയോഗിക്കുകയും 07.01.2023 ന് അദ്ദേഹവുമായി അസിസ്റ്റന്റ് എഞ്ചിനീയർ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ചെക്ക് നം.JF7404023/21.02.2023 പ്രകാരം തനതു ഫണ്ടിൽ നിന്നും 57,000രൂപ പിൻവലിച്ച് കൃഷ്ണകുമാർ എന്നവരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. (1,140 രൂപ ആദായ നികുതി കിഴിച്ച്)

പ്രോജക്ടിന്റെ മറ്റു വിശദാംശങ്ങൾ ഫയലിൽ ഇല്ല. ഈ സാഹചര്യത്തിൽ പ്രോജക്ടിന്റെ ഭാഗമായി നിർവഹിച്ച പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാനും R-Track ൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ബോധ്യപ്പെടുത്താനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.49, തിയതി 17.10.2023) മറുപടി നൽകിയിട്ടില്ല.

മലപ്പുറം, കോഴിക്കോട്, വയനാട്, കാസറഗോഡ് ജില്ലകളിൽ വാർഷിക ബഡ്ജറ്റ് ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ പെടുന്ന ആസ്തികളായ റോഡ്. പാലങ്ങൾ, കെട്ടിടങ്ങൾ, പാർശ്വ ഭിത്തികൾ എന്നിവയുടെ ജിയോ ടാഗിംഗ്, മറ്റു വിവരങ്ങളും ശേഖരിച്ച് ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി KSREC യുമായി കരാറിൽ ഏർപ്പെട്ടു കൊണ്ട് 2022 നവംബർ 30 നകം പൂർത്തിയാക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 20.10,2022 ലെ നം.ഡി.ബി3-5525/20/സി.ഇ/തസ്വഭവ (Part B) സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ നിർദ്ദേശം നില നിൽക്കേയാണ് പഞ്ചായത്ത് ഇത്തരമൊരു പ്രോജക്റ്റ് യാതൊരു വ്യക്തതയുമില്ലാതെ നിർവഹിച്ചതായി കാണുന്നത്.

പ്രോജക്റ്റ് പൂർണമാകാത്തതു കൊണ്ടും നാളിതു വരെയുള്ള ചെലവ് ഫലപ്രാപ്തി കൈവരിക്കാത്തതിനാലും ചെലവ് തുക 57,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ബത്ത – അധിക തുക നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നം. | S0374/23 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.സി) |
| അടങ്കൽ | വികസന ഫണ്ട് - എസ്.സി.പി - 1,50,000/-രൂപ |
| ചെലവ് തുക | വികസന ഫണ്ട് - എസ്.സി.പി - 1,23,700/-രൂപ |
| ബിൽ റഫറൻസ് നം, തീയതി | 222002520172O1508091, തീയതി.28.03.2023, Rs.65,200/- |
| | 222002520172O0970712, തീയതി.27.12.2022, Rs.58,500/- |

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും അനുവദിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(കൈ.)നം.115/2022/തസ്വഭവ തീ. 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 7.1.6ൽ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക 28,500/-രൂപയായി സർക്കാർ നിശ്ചയിച്ചിട്ടുള്ളതാണ്. ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം സർവലിയ സാലിയാൻ.ജി (അക്കൗണ്ട് നം. 40617101098057) എന്ന വിദ്യാർത്ഥിയ്ക്ക് അനുവദനീയമായതിലും അധികം തുക നൽകിയതായി കാണുന്നു. ഈ വിദ്യാർത്ഥിക്ക് അനുവദനീയമായ തുക 28,500 രൂപയാണ്. എന്നാൽ മേൽ വിവരിച്ച ബില്ലുകൾ പ്രകാരം 46,500 രൂപ ഈ വിദ്യാർത്ഥിക്ക് അനുവദിച്ചതായി കാണുന്നു.

മേൽ പ്രകാരം അധികമായി തുക നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കുന്നതിന് 12.10.2023 ന്

നൽകിയ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മേൽ വിദ്യാർത്ഥിക്ക് അധിക തുക നൽകിയത് 2023-24 വർഷത്തിലെ വാർഷിക പദ്ധതിയിൽ (21/24 ) കുറവു വരുത്തി ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ തുക ക്രമീകരിക്കുന്നതുവരെ 18,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 വിവിധ കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

1) കുടിവെള്ള പദ്ധതികൾ - ബോർവെൽ നിർമ്മാണം.

| | |
|---|---|
| പ്രോജക്റ്റ് നം. | S0159/23 |
| പ്രോജക്റ്റിന്റെ പേര് | കുടിവെള്ള പദ്ധതികൾ ബോർവെൽ നിർമ്മാണം |
| അടങ്കൽ | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) -14,51,203/- |
| ചെലവ് തുക | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) -14,51,203/- |
| ചെക്ക് നമ്പർ, തീയതി | PFMSRO22301537886, തീയ്യതി.10.02.2023, Rs.14,51,203/- |

ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ 16 കുടിവെള്ള പദ്ധതികളുടെ ബോർവെൽ നിർമ്മിക്കുന്ന പ്രവൃത്തികൾക്കായി ഭരണസമിതിയുടെ 17.01.2023 തീയ്യതിയിലെ 2/1 നമ്പർ തീരുമാന അടിസ്ഥാനത്തിൽ മേൽപറഞ്ഞ വൗച്ചർ നമ്പർ പ്രകാരം 14,51,203/-രൂപ കാസർഗോഡ് ജില്ലാ ഭൂജല വകുപ്പ് ഓഫീസറുടെ അക്കൗണ്ടിലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ട്.(അക്കൗണ്ട് നം.67304078476)

| ക്രമ നം | സ്ഥലത്തിന്റെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|
| 1 | കർക്കട്ടപള്ള | 99,161/- |
| 2 | ചോയ്മല | 1,07,996/- |
| 3 | കാകഞ്ചെ | 82,878/- |
| 4 | പാണ്ടെല്വ | 90,326/- |
| 5 | മജീർപള്ളക്കട്ട | 99,161/- |
| 6 | ജി.ഡബ്യൂ.എൽ.പി.സ്കൂൾ ബേള | 1,16,289/- |
| 7 | മദക്ക | 99,161/- |
| 8 | കോട്ട | 91,713/- |
| 9 | കെടഞ്ചി | 1,07,996/- |
| 10 | കുണ്ടിക്കാന | 38,025/- |
| 11 | ഓടങ്കല്ല് | 1,01,498/- |
| 12 | മൂക്കംപ്പാറ | 49,197/- |
| 13 | ചേടിക്കാന | 1,28,103/- |
| 14 | പെർഡാലപട്ടാജെ | 1,45,774/- |
| 15 | കാരിയാട് കൊറഗ കോളനി | 56,645/- |
| 16 | ബിർമിനടുക്ക (കടമ്പള കോളനി ) | 37,280/- |
| | ആകെ | 14,51,203/- |

2) പ്രോജക്ട് നം. S0161/23--വിവിധ കുടിവെള്ള പദ്ധതികൾ.

| | |
|---|---|
| പ്രോജക്ട് നം. | S0161/23 |
| പ്രോജക്ടിന്റെ പേര് | വിവിധ കുടിവെള്ള പദ്ധതികൾ |
| അടങ്കൽ | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) -2,87,227/- |
| ചെലവ് തുക | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) -2,87,227/- |
| ബിൽ നമ്പർ, തീയതി | PFMSR22301580828 തീയ്യതി.10.02.2023, Rs.2,87,227/- |

ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ 3 കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾക്കായി ഭരണസമിതിയുടെ 17.01.2023 തീയ്യതിയിലെ 2/1 നമ്പർ തീരുമാന അടിസ്ഥാനത്തിൽ മേൽപറഞ്ഞ ബിൽ നമ്പർ പ്രകാരം .2,87,227/-രൂപ കാസർഗോഡ് ജില്ലാ ഭൂജല വകുപ്പ് ഓഫീസറുടെ അക്കൗണ്ടിലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ട്. കുടിവെള്ള പദ്ധതിക്കായി തുക നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥലത്തിന്റെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|
| 1 | ബദഗമൂലെ | 103940 |
| 2 | വിദ്യാഗിരി അങ്കൺവാടി | 103940 |
| 3 | എടങ്കിമൂലെ | 79347 |
| | ആകെ | 2,87,227/- |

മേൽ പദ്ധതിക്കായി കാസർഗോഡ് ജില്ലാ ഭൂജല വകുപ്പിൽ നിക്ഷേപം നടത്തിയ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) ഭൂജല വകുപ്പിൽ നിക്ഷേപം നടത്തിയ ഈ പദ്ധതിയുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് 16.10.2023 ന് നൽകിയ 36-ാം, 16.10.2023 ന് നൽകിയ 48-ാം നമ്പർ ഓഡിറ്റ് എൻക്വയറികൾക്ക് ഭൂജല വകുപ്പിൽ നിക്ഷേപം നടത്തിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കുകയുണ്ടായി. ഈ മറുപടി അംഗീകരിക്കുന്നില്ല. മേൽസൂചിപ്പിച്ച പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ആകെ ചെലവ് തുകയായ 17,38,430/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ പദ്ധതിക്ക് വൈദ്യുതി ബോർഡിൽ നിക്ഷേപം നടത്തിയത്-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | S0054/23 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്)-20,62,999/-<br>തനത് ഫണ്ട് - 2,00,000/- |
| ചെലവ് തുക | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്)-20,62,999/- |
